RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 9 ● ലക്കം 1 ● സെപ്തംബർ 2026 ● വില: 18 രൂപ

# വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ



## ദാനം
പ്രത്യേക പതിപ്പ്


PRIMA CLUB ™
BY RAMRAJ
MEN'S PREMIUM FORMAL WEAR

RAMRAJ ©
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

കരുണയും സ്നേഹവും എപ്പോഴും വെളിപ്പെടുത്തി കനിവോടെയുള്ള പ്രവർത്തികൾ തങ്ങളുടെ അടയാളമാക്കി മാറ്റി ലോകത്തിനു തന്നെ ഉദാഹരണമായി ജീവിക്കുന്നതിന്റെ പെരുമ ബോധ്യപ്പെടുത്തുന്ന

# ദാനം
## പ്രത്യേക പതിപ്പ്



താങ്കൾക്ക് നൽകുന്നതിൽ അഭിമാനമുണ്ട്.

# നമുക്ക് ലോകത്തെ കോർത്തിണക്കാം


**പ്രിയരേ,**

ദാനധർമ്മം ചെയ്യാൻ മനസ്സുള്ളവരാണ് എല്ലാ വിധത്തിലും സമ്പന്നർ. അവരിൽ നിന്ന് 'ഇല്ല' എന്ന വാക്ക് ഉണ്ടാകില്ല. വസ്തുക്കൾ ഇല്ലെങ്കിലും ശാരീരികാധ്വാനം കൊണ്ടും ചിന്തകൾ കൊണ്ടും സമ്പന്നരായി കളത്തിൽ നിൽക്കും അവർ. അതിനാലാണ്, 'ആവശ്യം അറിഞ്ഞ് ഉടനേ നൽകുന്നത്, രണ്ടു തവണ നൽകുന്നതിന് സമം' എന്ന് ജ്ഞാനികൾ പറയുന്നത്.

ഒരു മധ്യവർഗ കുടുംബം... കുടുംബനാഥൻ പെട്ടെന്ന് അപകടത്തിൽ മരണപ്പെട്ടു. കഴിഞ്ഞ മാസം വരെ വന്നിരുന്ന വരുമാനം പെട്ടെന്ന് നിലച്ചു. പക്ഷേ, ചെലവുകൾ അങ്ങനെ തന്നെ തുടരുന്നു. വീട്ടു വാടക, വൈദ്യുതി ബിൽ, പലവ്യഞ്ജനങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ചെലവ് എന്നിങ്ങനെ ഒരു ചെലവും കുറയാൻ പോകുന്നില്ല.

ആ ഘട്ടത്തിൽ, ആ കുടുംബത്തിനെ അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളുമാണ് സഹായിച്ചത്. അയൽവീട്ടുകാരൻ ഒരു സ്ഥാപനത്തിൽ സംസാരിച്ച്, മരിച്ചയാളുടെ ഭാര്യക്ക് ജോലി വാങ്ങി നൽകി. കുടുംബനാഥൻ വാങ്ങിയ ശമ്പളത്തേക്കാൾ കുറവാണെങ്കിലും ഒരു സ്ഥിര വരുമാനത്തിന് വഴി തുറന്നു.

കുട്ടികളുടെ സ്കൂളിൽ ചെന്ന ഒരു കുടുംബ സുഹൃത്ത് അവരുടെ സ്കൂൾ ഫീസ് അടച്ചു. അടച്ചത് ആരാണെന്നു പോലും ആ കുടുംബത്തിന് അറിയില്ല. അതിരാവിലെ വാതിൽ തുറന്നു നോക്കിയപ്പോൾ, വാതിൽക്കൽ പലവ്യഞ്ജനങ്ങളും ഒരു ചാക്ക് അരിയും ഉണ്ടായിരുന്നു. മറ്റൊരു ദിവസം കുട്ടികൾക്ക് കൊറിക്കാനുള്ള ഭക്ഷണ സാധനങ്ങൾ ഉണ്ടായിരുന്നു. 'തങ്ങൾ മറ്റുള്ളവരുടെ സഹായം പ്രതീക്ഷിച്ചിരിക്കുന്നു' എന്ന അപകർഷതാബോധം ഉണ്ടാക്കാതെ എല്ലാവരും സഹായം ചെയ്തു.




ഈ ലോകത്തെ ഏറ്റവും വലിയ ധനികൻ ആരെന്നു ചോദിച്ചാൽ, ഞാൻ ആ കുടുംബത്തെ മതിക്കുന്നവരാണെന്ന് പറയും. അവരുടെ പക്കലുള്ള സമ്പത്തിനേക്കാൾ, ആവശ്യം ഉള്ളവർക്ക് പങ്കുവയ്ക്കണം എന്ന വികാരമാണ് അവരെ സമ്പന്നരാക്കുന്നത്.

പങ്കുവയ്ക്കുന്ന ഈ ഉന്നതമായ ഗുണത്തെ കുട്ടികൾക്ക് ബോധ്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള മഹാഭാരത കഥകൾ ധാരാളം ഉണ്ട്. 'ദാനത്തിൽ കേമൻ ധർമ്മനോ കർണനോ' എന്ന സംശയം അർജുനന് ഉണ്ടായി. എന്റെ ജ്യേഷ്ഠൻ ധർമ്മൻ എല്ലാവർക്കും ധർമ്മം ചെയ്യും. അതിനാലാണ് അദ്ദേഹത്തിന് ധർമ്മൻ എന്ന പേരും. ദുര്യോധനൻ നൽകിയ സമ്പത്ത് വിഭജിച്ചു നൽകിയ കർണന് ധർമ്മനേക്കാൾ ദാനധർമ്മൻ എന്ന പെരുമ എന്തു കൊണ്ട് ഉണ്ടായി?'

അത് അർജുനന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ശ്രീകൃഷ്ണൻ അത് ലളിതമായി ബോധ്യപ്പെടുത്തി.

ഒരു കഠിനമായ വർഷകാലം. ധർമ്മന്റെ അടുത്തു ചെന്ന കൃഷ്ണൻ, 'ധർമ്മാ, ഞങ്ങളുടെ കൊട്ടാരത്തിൽ ഭക്ഷണം പാചകം ചെയ്യാൻ ആവശ്യമായ എല്ലാ വസ്തുക്കളും ഉണ്ട്. പക്ഷേ വിറക് മഴയിൽ നനഞ്ഞതിനാൽ, പട്ടിണി കിടക്കുന്നു. എനിക്ക് വിറക് ഏർപ്പാടാക്കി തരുമോ?' എന്ന് ആവശ്യപ്പെട്ടതും, ധർമ്മൻ ധർമ്മസങ്കടത്തിലായി.

'കൃഷ്ണാ, കൊട്ടാരത്തിലുണ്ടായിരുന്ന ഭൂരിഭാഗം വിറകുകളും നനഞ്ഞു പോയി. ഇവിടെ ഉള്ളവർക്ക് പാചകം ചെയ്യാനുള്ള വിറക് മാത്രമാണ് ഉള്ളത്. മഴക്കാലം തീരും വരെ നീ കൊട്ടരത്തിൽ വന്ന് ഞങ്ങളോടൊപ്പം കഴിക്കൂ' എന്ന് ക്ഷണിച്ചു അദ്ദേഹം. അർജുനന് സന്തോഷം. കൃഷ്ണനെ തങ്ങളുടെ




കൊട്ടാരത്തിൽ ഭക്ഷണത്തിന് ക്ഷണിച്ച ധർമ്മന്റെ ദാന മനസ്സ് വെളിപ്പെടുത്തിയതിൽ അഭിമാനിച്ചു.

കൃഷ്ണൻ പ്രച്ഛന്നവേഷത്തിൽ ചെന്ന് കർണനെ കണ്ട്, തന്റെ പക്കൽ പാചകം ചെയ്യാൻ വിറക് ഇല്ല എന്ന കഥ പറഞ്ഞു. അദ്ദേഹത്തിന്റെ പക്കലും ദാനമായി നൽകാനുള്ളത്ര വിറക് ഉണ്ടായിരുന്നില്ല. കർണൻ മറ്റൊന്നും ആലോചിച്ചില്ല. തന്റെ കൊട്ടാരത്തിലുള്ള പഴയ കെട്ടിടങ്ങൾ ഇടിച്ച്, അതിൽ ഉണ്ടായിരുന്ന വാതിലുകളും ജനാലകളും ഉത്തരങ്ങളും എടുത്തു നൽകി. 'താങ്കളുടെ വിശപ്പ് മാറ്റാത്ത വാതിലുകളും ജനാലകളും എന്തിന്?' എന്ന് ചോദിച്ച കർണനെ കണ്ട് കൃഷ്ണനു തന്നെ അഭിമാനം തോന്നി.

വിറക് ചോദിച്ചത് കൃഷ്ണൻ എന്ന് മനസ്സിലാക്കിയതും 'കൊട്ടാരത്തിൽ നിന്ന് കഴിക്കൂ' എന്ന്പറഞ്ഞധർമ്മനേക്കാൾ,സഹായംചോദിച്ചത് ആരെന്നു പോലും അറിയാതെ വാതിലുകളും ജനാലകളും ഉടച്ച് സംഭാവന നൽകിയ കർണനാണ് മികച്ച ദാനശീലൻ എന്ന് ബോധ്യപ്പെടുത്തി കൃഷ്ണൻ.

ഈ പുരാണ കഥ 'ഉള്ള സമ്പത്തി നേക്കാൾ,ദാനംചെയ്യണംഎന്നചിന്തയാണ് ഉന്നതമായത്' എന്നത് വ്യക്തമായി പറയുന്ന ഒന്നാണ്. ദാനശീലം ഉള്ളവർ തങ്ങളുടെ പക്കൽ നൽകാൻ ഒന്നുമില്ലെങ്കിലും തന്നെത്തന്നെ നൽകാൻ മുന്നിട്ടിറങ്ങും.



The Culturepreneur

അവയവദാനം ചെയ്യുന്നവരെ ദൈവതുല്യരായി കാണാൻ തോന്നുന്നവരാണ്. രക്തബന്ധമോ മുൻപരിചയമോ ഇല്ലാത്ത ആരോ ഒരാളുടെ ജീവൻ രക്ഷിക്കാൻ നൽകപ്പെടുന്ന ഈ ദാനമാണ് ഉന്നതമായത്. സദ്ചിന്തയോടെ ഒരാൾ ചെയ്യുന്ന ദാനം, ധാരാളം പേരെ കരുണയുള്ളവരാക്കി മാറ്റും. 'നമുക്ക് ആരും ഇല്ലല്ലോ' എന്ന നിരാശയും നിസ്സഹായാവസ്ഥയുമാണ് മനുഷ്യരെ അലട്ടുന്ന ഏറ്റവും വലിയ രോഗം. അപരിചിതർ ചെയ്യുന്ന സഹായങ്ങളാണ് ആ രോഗത്തിനുള്ള മരുന്ന്. ഈ സ്നേഹച്ചങ്ങല കൊണ്ട് നമുക്ക് ലോകത്തെ കോർത്തിണക്കാം.

നൽകുന്നതിൽ ലഭിക്കുന്ന സന്തോഷം ഈടുറ്റതാണ്. ആവശ്യം ഉള്ളവർക്ക് നൽകി നോക്കൂ... ഈ അനുഭൂതി ഏത് വിധത്തിലുള്ളതാണെന്ന് നന്നായി ബോധ്യപ്പെടാൻ കഴിയും.

ഗുരുകൃപ

**സമസ്ത ഐശ്വര്യങ്ങളും നേർന്നു കൊണ്ട്**

**കെ ആർ നാഗരാജൻ**

**സ്ഥാപകൻ - രാംരാജ് കോട്ടൺ**



# നൽകുന്നതിൽ ലഭിക്കുന്ന ഫലങ്ങൾ

ഒരു സ്കൂളിൽ നിന്ന് സേവന വാരത്തിൽ ധാരാളം വിദ്യാർത്ഥികൾ ഒരു ഗ്രാമത്തിൽ എത്തി. അതിൽ മൂന്ന് കുട്ടികൾ ഒത്തു ചേർന്ന് ഗ്രാമത്തിന്റെ അതിർത്തിയിലേക്ക് പോയി. അവിടത്തെ പച്ച പുതച്ച വയലുകൾ ആസ്വദിച്ച് അവർ നടന്നു പൊയ്ക്കൊണ്ടിരുന്നു.

ഒരിടത്തും ആളനക്കം ഇല്ലായിരുന്നു. പക്ഷേ ഒരേയൊരു വയലിൽ മാത്രം ഒരു കർഷകൻ ഒറ്റയ്ക്ക് ജോലി ചെയ്തു കൊണ്ടിരുന്നു. ഞാറ് നട്ട ചളിയിലിറങ്ങി തടം എടുത്തു കൊണ്ടിരിക്കുകയായിരുന്നു ആ കർഷകൻ. ശരീരം മുഴുവനും ചളിയാകുന്ന ജോലി ആയതിനാൽ തന്റെ ഷർട്ടും മുണ്ടും അഴിച്ചു വച്ച് കോണകം ഉടുത്താണ് അദ്ദേഹം ജോലി ചെയ്തിരുന്നത്.

കുട്ടികൾക്ക് അതു കണ്ട് ചിരിയടക്കാൻ കഴിഞ്ഞില്ല. 'അദ്ദേഹം അറിയാതെ ആ വസ്ത്രങ്ങളും ചെരുപ്പും എടുത്ത് ഒളിപ്പിച്ചു വയ്ക്കാമോ? നമുക്ക് അതിനു ശേഷം മരത്തിനു പിന്നിൽ ഒളിച്ച് അദ്ദേഹം എന്താണ് ചെയ്യുന്നതെന്ന് നോക്കാം. അദ്ദേഹം അമ്പരപ്പോടെ തേടുന്നത് കാണുമ്പോൾ ചിരി വരും.' എന്ന് പതിഞ്ഞ സ്വരത്തിൽ ചോദിച്ചു ഒരു കുട്ടി. മറ്റൊരു കുട്ടി ഉടനേ 'നല്ല ഐഡിയ' എന്ന് പറഞ്ഞ് വസ്ത്രങ്ങൾ കവരാൻ പോയി.

മൂന്നാമത്തെ കുട്ടിക്ക് അങ്ങനെ ചെയ്യാൻ മനസ്സ് വന്നില്ല. മറ്റു രണ്ടു പേരെയും അവൻ തടഞ്ഞു. 'ആ മനുഷ്യനെ കണ്ടാൽ പാവം പോലെയുണ്ട്. അദ്ദേഹം അഴിച്ചു വച്ചിരിക്കുന്ന വസ്ത്രങ്ങൾ നോക്കൂ. എല്ലാം മുഷിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ചെരുപ്പും ഏറെക്കുറെ പൊട്ടാറായി. അദ്ദേഹത്തെ കരയിപ്പിച്ച് ആനന്ദിക്കുന്നത് നന്നായിരിക്കില്ല. നമുക്ക് വേണ്ടത് ഒരു വ്യത്യസ്തമായ അനുഭവമല്ലേ? വേണമെങ്കിൽ ഒന്ന് ചെയ്യാം. നമുക്ക് പോക്കറ്റ് മണിയായി വീട്ടിൽ നിന്ന് നൽകിയ പണം എടുത്ത് അദ്ദേഹത്തിന്റെ ഷർട്ടിന്റെ മുണ്ടിന്റെയും അടിയിൽ ഒളിപ്പിച്ചു വയ്ക്കാം. അത് എങ്ങനെ വന്നു എന്ന് അദ്ദേഹം അന്വേഷിക്കും. ഇല്ലേ? അത് കാണാൻ തമാശ

ആയിട്ടുണ്ടാകും' എന്നു പറഞ്ഞു അവൻ.

അവർ പണം ഒളിപ്പിച്ചു വച്ച ശേഷം, മരങ്ങൾക്കു പിന്നിൽ ഒളിച്ചിരുന്നു. അൽപ നേരം കഴിഞ്ഞ് കർഷകൻ ജോലികൾ പൂർത്തിയാക്കി കൈകാലുകൾ കഴുകി എത്തി. മുണ്ട് ഉടുക്കാൻ എടുത്തപ്പോൾ അതിന്റെ അടിയിൽ 100 രൂപ നോട്ട് കണ്ട് അത്ഭുതപ്പെട്ടു. അത് ആരു വച്ചിരിക്കും എന്ന് ചുറ്റും നോക്കി. സന്ദേഹത്തോടെ മുണ്ട് ഉടുത്ത് ഷർട്ട് എടുത്തപ്പോൾ അതിന്റെ അടിയിലും രണ്ട് 100 രൂപ നോട്ടുകൾ കണ്ടതും അമ്പരപ്പ് കൂടുതലായി.

അങ്ങോട്ടും ഇങ്ങോട്ടും നടന്നു. പണം എടുക്കണമോ വേണ്ടയോ എന്ന് ഏറെ നേരം ആലോചിച്ചു. 'ആരും ഇല്ലാത്ത സ്ഥലത്ത് പണം വച്ചത് ദൈവത്തിന്റെ പ്രവൃത്തി' ആണെന്ന തീരുമാനത്തിലെത്തി. ചമ്രംപടിഞ്ഞിരുന്ന് ആകാശത്തേക്ക് നോക്കി പ്രാർത്ഥിച്ചു. 'ദൈവമേ, അസുഖംബാധിച്ചഎന്റെഭാര്യയെആശുപത്രിയിൽ കൊണ്ടു പോകാൻ പണമില്ലാതെ ദുഃഖിച്ചു. എന്റെ ആവശ്യം മനസ്സിലാക്കി പണം നൽകിയിരിക്കുന്നു. നിന്റെ കരുണ വലുതാണ്' എന്ന് കണ്ണീരോടെ നന്ദി പറഞ്ഞ് എഴുന്നേറ്റ് വീട്ടിലേക്കു പോയി.



കുട്ടികൾക്ക് ഇതു കണ്ട് സന്തോഷം തോന്നി. കളിയും തമാശയുമായി വന്ന അവർ, ഇപ്പോൾ പുതിയ മനുഷ്യരായി മാറിയിരിക്കുന്നു. 'നാം ഒരു നല്ലകാര്യംചെയ്തിരിക്കുന്നു' എന്നമനസംതൃപ്തി അവർക്ക് ഉണ്ടായി. പുഞ്ചിരിച്ചു കൊണ്ട് അവർ മൂവരും കൈകോർത്ത് ഗ്രാമത്തിലേക്ക് മടങ്ങി.

നമുക്ക് പരിചയമുള്ള ഒരാൾക്കോ അല്ലെങ്കിൽ മുഖം അറിയാത്ത ആരോ ഒരാൾക്കോ ദാനമായി എന്തെങ്കിലും നൽകുന്നത്, നമുക്കും ഫലം നൽകും നേടുന്ന അവർക്കും നന്മ നൽകും. എന്തൊക്കെയാണ് ആ ഫലങ്ങൾ?

• സഫലീകൃതമായ ജീവിതം: മറ്റുള്ളവർക്ക് എന്തും നൽകാൻ കനിവുള്ളവർ, മനസംതൃപ്തിയോടെയും സന്തോഷത്തോടെയും ജീവിക്കും. കരുണയോടെ പ്രവർത്തികളും വസ്തുക്കളും സഹായിച്ച് സന്തോഷിക്കുന്നവർ ആരോഗ്യകരമായി ദീർഘായുസ്സോടെ ജീവിക്കും എന്ന്മെഡിക്കൽഗവേഷണങ്ങൾതെളിയിച്ചിട്ടുണ്ട്.

• ദാനം ചെയ്യാൻ മനസ്സുള്ളവർക്ക് ആത്മ വിശ്വാസം അധികരിക്കും. കരുണയും കനിവും അവരെ ഉത്സാഹികളാക്കും. അവരുടെ ഈ ദാന മനസ്സ് കൊണ്ട് ലഭിക്കുന്ന തൃപ്തി, സെറോട്ടിനിൻ, ഡോപ്പമൈൻ ഹോർമോണുകൾ കൂടുതൽ ഉൽപാദിപ്പിക്കും. അത് അവരെ ചുറുചുറുക്കുള്ളവരുമാക്കി മാറ്റും.

• ദാനംനൽകുന്നമനസംതൃപ്തിരക്തസമ്മർദ്ദം കുറയ്ക്കും. അതിനാൽ അവരുടെ ഹൃദയത്തിന്റെ പ്രവർത്തനം ആരോഗ്യകരമായിരിക്കും. അവർക്ക് ഹൃദ്രോഗ സാധ്യതകളും കുറഞ്ഞിരിക്കും.

• ദാന മനസ്സുള്ളവർക്ക് കോർട്ടിസോൾ ഉൽപാദനം നിയന്ത്രണത്തിലായിരിക്കുന്നതിനാൽ, മാനസികസമ്മർദ്ദവുംടെൻഷനുംഇല്ലാത്തജീവിതം സാധ്യമാകും. മാനസികാരോഗ്യ പ്രശ്നങ്ങളുടെ പ്രാരംഭ ഘട്ടത്തിൽ ഉള്ളവർ പോലും, സാമൂഹിക സേവനത്തിനും മറ്റുള്ളവരെ സഹായിക്കുന്നതിനും ഇറങ്ങുമ്പോൾ അവരുടെ മാനസികാവസ്ഥ മെച്ചപ്പെടും എന്ന് ഗവേഷണങ്ങൾ പറയുന്നു.

• സമൂഹത്തിൽ പലരുമായി ഇടപഴകി ധാരാളം പേർക്ക് സഹായങ്ങൾ ചെയ്ത് ജീവിക്കുമ്പോൾ സാമൂഹികകെട്ടുപാട്മെച്ചപ്പെടും.മറ്റുള്ളവരുമായി അവർക്കുള്ള ബന്ധം കൂടുതൽ ദൃഢമാകും. ജീവിതത്തോടുള്ള ഉത്തരവാദിത്തവും ഉണ്ടാകും.

• ഒരാൾചെയ്യുന്നസഹായങ്ങൾ,മറ്റുപലരെയും സഹായങ്ങൾ ചെയ്യാൻ പ്രേരിപ്പിക്കും. കുളത്തിൽ കല്ലിടുമ്പോൾ ഓളം ഉണ്ടായി പടരുന്നതു പോലെ, തുടർച്ചയായി നന്മകൾ ധാരാളം പേരിൽ എത്തും. അങ്ങനെ ദാനം ചെയ്യുന്ന വ്യക്തിക്ക് സമൂഹത്തിൽ നല്ല മതിപ്പ് ഉണ്ടാകുകയും ചെയ്യും.

• ഓഫീസിൽ അല്ലെങ്കിൽ ജോലി ചെയ്യുന്ന സ്ഥലത്ത് ദാനം ചെയ്യാൻ മനസ്സുള്ള ധാരാളം പേർ ഉണ്ടെങ്കിൽ, മനസംതൃപ്തിയോടെ ജോലി ചെയ്യാനുള്ള അന്തരീക്ഷം ഉണ്ടാകും. അവിടെ ഉൽപാദനവും മികച്ചതായിരിക്കും. •

# നിന്നെപ്പോലെ ഒരാൾ



ലണ്ടൻ നഗരത്തിലെ തിരക്കേറിയ ഒരു ജങ്ഷനിലെ പാലത്തിനരികിൽ ഇരുന്ന് വയലിൻ വായിച്ചു കൊണ്ടിരിക്കുകയായിരുന്നു അന്ധനായ ഒരു യുവാവ്. ഭിക്ഷ യാചിക്കലാണ് അവന്റെ സംഗീതത്തിന്റെ ലക്ഷ്യം. തിരക്കേറിയ ആ റോഡിലൂടെ ധാരാളം പേർ സഞ്ചരിക്കുന്നുണ്ടെങ്കിലും ആരും അവന് ഭിക്ഷ നൽകിയില്ല. ജനങ്ങൾ ചില്ലറത്തുട്ടുകൾ ഇടുന്നതിനായി അവൻ വിരിച്ചിരുന്ന തുണിയിൽ ആരും ഒന്നും ഇട്ടില്ല. വിശപ്പും നിരാശയുമടഞ്ഞ അവൻ ക്ഷീണിതനായിരുന്നു. 'ദിവസം ചെല്ലുന്തോറും തന്റെ അവസ്ഥ ഇങ്ങനെ ആകുന്നല്ലോ' എന്ന് വേദനിച്ചു.

അപ്പോൾ ആരോ ഒരാൾ സൗമ്യമായി നടന്നു വന്ന് അവന്റെ അരികിൽ നിൽക്കുന്ന ശബ്ദം കേട്ടു.

# സന്തോഷം നൽകുന്ന വാർത്ത

നാട്ടിലെ പ്രശസ്ത ടെന്നീസ് താരം ഒരു മത്സരത്തിൽ ജയിച്ചു. വിജയ ട്രോഫിയോടൊപ്പം വലിയ സമ്മാനത്തുകയും അദ്ദേഹത്തിന് നൽകി. ഉത്സാഹത്തോടെ അദ്ദേഹം മൈതാനം വിട്ട് പുറത്തെത്തിയപ്പോൾ ധാരാളം ആരാധകർ അദ്ദേഹത്തെ ആശംസിച്ചു. അപ്പോൾ ദാരിദ്ര്യം വിളിച്ചോതുന്ന രൂപത്തിൽ മധ്യവയസ്കമായ ഒരു സ്ത്രീ അദ്ദേഹത്തിന് അടുത്തെത്തി എന്തോ പറയാൻ ശ്രമിച്ചു. സുരക്ഷാ ഉദ്യോഗസ്ഥരും പൊലീസുകാരും അവരെ തടഞ്ഞു.

അത് ശ്രദ്ധിച്ച ആ താരം, ആരാധകരിൽ നിന്ന് മാറി ആ സ്ത്രീയുടെ അടുത്തേക്ക് വന്നു. 'എന്താ കാര്യം?' എന്ന് ആരാഞ്ഞു. 'എന്റെ മകൻ അർബുദ ബാധിതനായി ജീവനു വേണ്ടി പോരാടിക്കൊണ്ടിരിക്കുകയാണ്. അവന്റെ ചികിത്സയ്ക്ക് പണം ഇല്ല' എന്ന് കണ്ണീരോടെ പറഞ്ഞു ആ സ്ത്രീ. ഉടനേ ഉണ്ടായിരുന്ന മൊത്തം പണവും അവർക്ക് നൽകി അദ്ദേഹം

ചില മാസങ്ങൾ കഴിഞ്ഞ് ആ നാട്ടിൽ വീണ്ടും എത്തി ആ താരം. അപ്പോൾ അദ്ദേഹത്തെ കണ്ട സ്റ്റേഡിയം മാനേജർ, 'സർ, കഴിഞ്ഞ തവണ



താങ്കളുടെ പക്കൽ നിന്ന് പണം വാങ്ങിയില്ലേ ഒരു സ്ത്രീ, അവർ താങ്കളെ പറ്റിക്കുകയായിരുന്നു. അവരുടെ മകന് ഒരു രോഗവും ഇല്ല' എന്ന് പറഞ്ഞു.

ഉടനേ താരം ഉത്സാഹത്തോടെ മാനേജരെ കെട്ടിപ്പിടിച്ചു. 'ആഹാ... എത്ര സന്തോഷകരമായ വാർത്ത. ഞാൻ എല്ലാ ദിവസവും അവനു വേണ്ടി പ്രാർത്ഥിക്കാറുണ്ടായിരുന്നു. പണം പോയെങ്കിൽ പോട്ടെ. അവന് ഒന്നും ആയില്ലല്ലോ' എന്ന് പറഞ്ഞു അദ്ദേഹം. സന്തോഷത്തോടെ നൽകുന്നവരുടെ മനസ്സ് ഇങ്ങനെയാവും ഉണ്ടായിരിക്കുക.

'സർ, എന്തെങ്കിലും ധർമ്മം തരണേ' എന്ന് അവൻ ചോദിച്ചു. പക്ഷേ അദ്ദേഹം ധർമ്മം നൽകിയില്ല. പകരം, ആ യുവാവിന്റെ കൈയിലിരുന്ന വയലിൻ വാങ്ങി വായിക്കാൻ ആരംഭിച്ചു. അതു വരെ അവൻ കേൾക്കാത്ത, മനം മയക്കുന്ന സംഗീതം. 'എന്റെ വയിലിനിലും ഇങ്ങനെ സംഗീതം വരുമോ?' എന്ന് അവൻ അത്ഭുതപ്പെട്ട് എല്ലാം മറന്ന് ആ സംഗീതം ആസ്വദിച്ചു.

അതു വരെ വയലിൻ സംഗീതം ശ്രദ്ധിക്കാതെ പോയിക്കൊണ്ടിരുന്നജനങ്ങൾ,ഈസംഗീതത്തിൽ ആകൃഷ്ടരായി അരികിലെത്തി. വന്ന കലാകാരൻ കണ്ണുകളടച്ച് വായിച്ചു കൊണ്ടേയിരുന്നു. ജനങ്ങൾ ആ സംഗീതം ആസ്വദിച്ച് അന്ധനായ യുവാവിന് ധാരാളം പണം ഭിക്ഷയായി നൽകാൻ ആരംഭിച്ചു. തങ്ങളുടെ ജോലി പോലും മറന്ന് എല്ലാവരും അവിടെ കൂട്ടമായി നിന്ന് സംഗീതം ആസ്വദിച്ചു. അങ്ങനെ ട്രാഫിക് ബ്ലോക്കായി. തിരക്ക് ഇല്ലാതാക്കാൻ എത്തിയ പൊലീസുകാരും വയലിൻ സംഗീതത്തിൽ മയങ്ങി നിന്നു.

20 മിനിട്ട് കഴിഞ്ഞ് അദ്ദേഹം വയലിൻ വായിക്കുന്നത് അവസാനിപ്പിച്ചപ്പോൾ, കരഘോഷം തെരുവിൽ അലയടിച്ചു. ആ യുവാവിന്റെ തുണി യിൽ ധാരാളം പണം യിൽ. വയലിൻ അവന്റെ കൈയിൽ ഏൽപിച്ച്, പണം മൊത്തമായി ചുരുട്ടി സുരക്ഷിതമായി അവന്റെ മറ്റൊരു കൈയിൽ നൽകി അദ്ദേഹം. 'ഇത് നിനക്ക് അടുത്ത ഒരു വർഷത്തേക്ക് വിശപ്പകറ്റും' എന്ന് പറഞ്ഞ് ചിരിച്ചു അദ്ദേഹം.

'സർ, താങ്കൾ ആരാണ്?' എന്ന് യുവാവ് ചോദിച്ചപ്പോൾ, 'നിന്നെപ്പോലെ ഞാനും ഒരു വയലിൻ കലാകാരൻ' എന്ന് പറഞ്ഞ് അദ്ദേഹം പുറപ്പെട്ടു. അദ്ദേഹം, ഇറ്റലിയിൽ ജനിച്ച ലോക പ്രശസ്ത വയലിൻ പ്രതിഭ നിക്കോളോ പഗാനിനി ആയിരുന്നു.

# അചഞ്ചലമായ സൗഹൃദം

സ്കൂൾ പ്രായത്തിൽ ഒരേ ക്ലാസിൽ അടുത്തടുത്ത് ഇരുന്ന് പഠിച്ച രണ്ട് സുഹൃത്തുക്കൾ. സ്കൂൾ കാലം കഴിഞ്ഞും അവരുടെ സൗഹൃദം അതേ പോലെ തുടർന്നു. വർഷങ്ങൾ കടന്നു പോയി, അവർക്ക് വേർപിരിഞ്ഞ് വെവ്വേറെ നാടുകളിൽ പോകേണ്ടി വന്നു. സുഹൃത്തുക്കളിൽ ഒരാൾ നിയമം പഠിച്ച് ന്യായാധിപനായി. ഏറ്റവും മികച്ച ന്യായാധിപനെന്ന പ്രശസ്തി നേടി.

അദ്ദേഹത്തിന്റെ സുഹൃത്ത് നന്നായി പഠിച്ച് ഒരു സ്വകാര്യ സ്ഥാപനത്തിൽ മാനേജർ വരെ ആയി ഉയർന്ന് ജീവിതത്തിൽ മുന്നേറി. പക്ഷേ, തെറ്റായ സൗഹൃദങ്ങൾ കൊണ്ട് മദ്യത്തിന് അടിമയായി. അത് അദ്ദേഹത്തിന്റെ കുടുംബത്തിന്റെ സമാധാനം നഷ്ടപ്പെടുത്തി. ഭാര്യയും കുട്ടികളും അദ്ദേഹത്തെ വെറുത്തു. ഓഫീസിലും അദ്ദേഹത്തിന് ശരിയായി ജോലി ചെയ്യാൻ കഴിയാതെ, ഒരു ഘട്ടത്തിൽ അദ്ദേഹത്തിനെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. കുടുംബവും അദ്ദേഹത്തെ ഉപേക്ഷിച്ചു. ജോലിയോ പണമോ ഇല്ലാതെ നിരാശയിൽ ഒരു ദിവസം പകൽ മദ്യപിച്ച് വാഹനം ഓടിച്ച്, റോഡരികിലെ വൈദ്യുതിത്തൂണിൽ ഇടിച്ച് അപകടമുണ്ടാക്കി കോടതിൽ എത്തിച്ചു.

പുതിയ ന്യായാധിപൻ മറ്റാരുമല്ല, അദ്ദേഹത്തിന്റെ ബാല്യകാല സുഹൃത്തു തന്നെ. ഇരുവരും കെട്ടിപ്പിടിച്ച് കണ്ണീരോടെ അൽപ നേരം സംസാരിച്ചു. 'ന്യായാധിപൻ സത്യസന്ധമായി വിധി പറയുമോ അതല്ല തന്റെ സുഹൃത്തിന് അനുകൂലമായി പ്രവർത്തിക്കുമോ' എന്ന് എല്ലാവരും ചർച്ചയിലായി. നിയമ പ്രകാരം പിഴ വിധിച്ച ന്യായാധിപൻ, അതിനു ശേഷം തന്റെ ഇരിപ്പിടത്തിൽ നിന്നെഴുന്നേറ്റ് ചെന്ന് സുഹൃത്തിനു വേണ്ടി ആ പിഴ സ്വന്തമായി അടച്ചു. ●





# നൽകുന്നതും പങ്കുവയ്ക്കുന്നതും

ബംഗ്ലാവിൽ താമസിക്കുന്ന ഒരാൾ, വീടിന് എതിരിൽ കുടിലിൽ കഴിയുന്ന ദരിദ്രനായ കർഷകനോട് ഇടയ്ക്കിടെ സംസാരിക്കും. ഒറ്റയ്ക്ക് താമസിക്കുന്ന ആ യുവാവ്, ദിവസവും ജോലിക്കു പോയി ലഭിക്കുന്ന ശമ്പളത്തിൽ, സ്വന്തമായി പാചകം ചെയ്ത് കഴിച്ച് ജീവിക്കുകയായിരുന്നു.

ഒരു ദിവസം ധനികന്റെ വീട്ടിൽ എല്ലാവരും നാട്ടിൽ പോയപ്പോൾ, വീട്ടിൽ ഒറ്റയ്ക്കായി അദ്ദേഹം. അപ്പോൾ എതിരിൽ ഉള്ള കർഷകന്റെ വീട്ടിൽ നിന്ന് ഇറച്ചിയുടെ മണം വന്നു. ആ ഗന്ധം അദ്ദേഹത്തെ ആകർഷിച്ചു. വിശന്നിരുന്ന അദ്ദേഹം, ഉടനേ ആ കർഷകന്റെ കുടിലിലേക്ക് പോയി.

കർഷകൻ അദ്ദേഹത്തെ സ്നേഹത്തോടെ സ്വീകരിച്ചു. കുടിൽ ഇഷ്ടപ്പെട്ടില്ലെങ്കിലും, ഭക്ഷണത്തിന്റെ ഗന്ധം അദ്ദേഹത്തെ ഉള്ളിലേക്ക് ആകർഷിച്ചു. 'എന്താണ് പാചകം ചെയ്യുന്നത്? നല്ല മണം വരുന്നല്ലോ?' എന്ന് അദ്ദേഹം ചോദിച്ചു.

'കാട്ടുകോഴിഇറച്ചിയാണ്.പട്ട,ഏലക്കാ,ഗ്രാമ്പൂ, കുരുമുളക്, ഇഞ്ചി, വെളുത്തുള്ളി എന്നിവയെല്ലാം ഇട്ടു വച്ച കറി. കഴിച്ചു നോക്കൂ' എന്ന് പറഞ്ഞ്, അദ്ദേഹത്തിന് ഇലയിട്ട് ചോറിനോടൊപ്പം കറിയും വിളമ്പി. കൊതിയോടെ കഴിച്ച ധനികൻ, 'രുചി അപാരം തന്നെ' എന്ന് പ്രശംസിച്ചു.

അദ്ദേഹം ഭക്ഷണം കഴിച്ച് പുറത്തു വന്ന് കൈ കഴുകുമ്പോൾ തെരുവു നായ ഒന്ന് ആ കർഷകന്റെ വീട്ടു വാതിൽക്കൽ കിടക്കുന്നുണ്ടായിരുന്നു. അതിനെ തുരത്തി ഓടിച്ചു ധനികൻ. 'ഈ നായക്ക് ദിവസവും പഴയ ചോറ് നൽകാറുണ്ട്. ഇവിടെയും ഇത് വരാറുണ്ടോ?' എന്ന് ചോദിച്ചു.

'സർ, താങ്കൾ കഴിച്ച കാട്ടുകോഴിക്കറിയില്ലേ, സമീപത്തെ കാട്ടിൽ ഞാൻ പോയപ്പോൾ, ആ കോഴിയെ ഈ നായയാണ് എനിക്ക് പിടിച്ചു നൽകിയത്' എന്നു പറഞ്ഞു ദരിദ്രനായ ആ യുവാവ്. ഇത് കേട്ടതും ധനികൻ അസൂയയോടെ പെട്ടെന്ന് തിരിഞ്ഞ് നായയെ സൂക്ഷിച്ചു നോക്കി. ഒന്നും പറയാതെ നടന്നു പോയി.

പിറ്റേ ദിവസം ധനികൻ ഭക്ഷണം കഴിച്ച ശേഷം പുറത്തു വന്നപ്പോൾ, ആ തെരുവു നായ വന്ന് ഭക്ഷണത്തിനായി മുന്നിൽ വാലാട്ടി നിന്നു. 'നന്ദികെട്ട നായേ. ദിവസവും ഞാനാണ് നിനക്ക് വീട്ടിൽ ബാക്കിയാകുന്ന ഭക്ഷണം നൽകുന്നത്. പക്ഷേ, നന്ദിയേ ഇല്ലാതെ നീ കാട്ടുകോഴിയെ പിടിച്ച് ആ ദരിദ്രന് നൽകി. പിന്നെന്തിനാണ് ഭക്ഷണത്തിനു വേണ്ടി വീണ്ടും ഇവിടെ വന്നു നിൽക്കുന്നത്?' എന്ന് ചോദിച്ചു കൊണ്ട് അതിനെ കാലു കൊണ്ട് തൊഴിച്ച് തുരത്തി.

അത് തൊഴി വാങ്ങി ദരിദ്രന്റെ വീട്ടിലേക്ക് പോയി. അപ്പോൾ വീട്ടിലേക്ക് മടങ്ങി എത്തിയ ദരിദ്രൻ, 'നല്ല വിശപ്പുണ്ടോ? വാ, ഭക്ഷണം കഴിക്കാം' എന്ന് നായയെ വിളിച്ചു. അവൻ തിണ്ണയിൽ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ അത് അധികാരത്തോടെ തിണ്ണയ്ക്കരികിലുള്ള നിലത്ത് ഇരുന്നു. അവർ ഒരേ ഭക്ഷണം പങ്കുവച്ച് കഴിക്കുകയാണെന്ന് ധനികന് മനസ്സിലായി.

ദരിദ്രനായ യുവാവ് ആ നായയെ വഴക്കു പറഞ്ഞതുമില്ല, കൊഞ്ചിച്ചതുമില്ല. ഒപ്പമിരുത്തി തന്റെ ഭക്ഷണം പങ്കുവച്ചു അവൻ. 'മറ്റുള്ളവർക്ക് നൽകുക എന്നത്, ബാക്കിയാകുന്നത് എറിഞ്ഞു നൽകലല്ല, സ്നേഹത്തോടെ പങ്കുവയ്ക്കുന്നതാണ്' എന്ന സത്യം ധനികന് ബോധ്യമായി. ആ ദരിദ്രന്റെ മതിപ്പുള്ള സ്നേഹത്തിന് സമ്മാനമായാണ് നായ അങ്ങനെ വേട്ടയാടി നൽകിയത് എന്നതും അദ്ദേഹം മനസ്സിലാക്കി. ●



# ചങ്ങലക്കണ്ണിയായി തുടരുന്ന ദാനം

ഗ്രാമത്തിൽ നിന്ന് ജീവിതമാർഗം തേടി കുടുംബത്തോടെ നഗരത്തിലെത്തി ഗണേശൻ. ഒരു വീട് വാടകയ്ക്ക് എടുത്ത് തങ്ങി, ഒരു ഫാക്ടറിയിൽ ജോലിക്ക് കയറി. രണ്ട് വർഷത്തിൽ കുടുംബം അൽപം മുന്നേറിയപ്പോൾ, ഫാക്ടറി പൂട്ടിപ്പോയി. മറ്റൊരു ജോലി പെട്ടെന്ന് ലഭിച്ചില്ല. അങ്ങനെ കുടുംബം പ്രതിസന്ധിയിലായി.

ഗണേശൻ വാടകയ്ക്ക് താമസിച്ചിരുന്ന വീട്ടിന്റെ ഉടമസ്ഥൻ ഈ അവസ്ഥ മനസ്സിലാക്കി. വീടിനായി നൽകിയിരുന്ന അഡ്വാൻസ് തുക മുഴുവനും തിരികെ ഗണേശനു നൽകി. 'ഇത് നിങ്ങളുടെ പണമാണ്. ഇപ്പോൾ കുടുംബ ചെലവുകൾക്കായി ഇത് വച്ചോളൂ. ജോലി ലഭിച്ചതിനു ശേഷം വാടകയും തന്നാൽ മതി. ആത്മവിശ്വാസത്തോടെ ജോലി അന്വേഷിക്കൂ, കിട്ടും' എന്ന് ആശ്വസിപ്പിച്ച ശേഷം അദ്ദേഹം പോയി.

ആ വാക്കുകൾ ഗണേശന് പുതിയ ജീവൻ നൽകി. അൽപ ദിവസത്തിൽ മറ്റൊരു ജോലിയിൽ ചേർന്ന അദ്ദേഹം, തൊഴിൽ പഠിച്ച് പാർട്ടുകൾ ഉണ്ടാക്കി വിതരണം ചെയ്യുന്ന ബിസിനസ് തുടങ്ങി. ചില വർഷങ്ങളിൽ സ്വന്തം വീട് വച്ച് താമസിക്കുന്ന രീതിയിൽ ജീവിതത്തിൽ മുന്നേറി.

ഇപ്പോൾ ഗണേശൻ പ്രദേശത്ത് ഒരു ഹോസ്റ്റൽ നടത്തുകയാണ്. പല ഫാക്ടറികളിലും ജോലി നോക്കുന്ന പെൺകുട്ടികൾ അവിടെ താമസിച്ച് ജോലിക്ക് പോകുന്നുണ്ട്. അവരിൽ ആരെങ്കിലും ജോലി നഷ്ടപ്പെട്ട് വിഷമിക്കുകയാണെങ്കിൽ, ഗണേശൻ വാടക ആവശ്യപ്പെട്ട് അവരെ ശല്യപ്പെടുത്താറില്ല. 'വീണ്ടും ജോലി ലഭിച്ച ശേഷം നൽകിയാൽ മതി. സമാധാനത്തോടെ ജോലി അന്വേഷിക്കൂ' എന്ന് പറഞ്ഞ് സമാധാനിപ്പിക്കും. എപ്പോഴോ തനിക്ക് ഒരാൾ നൽകിയ ആത്മ വിശ്വാസം അദ്ദേഹം ഓർത്തുവച്ചിരിക്കുകയാണ്.

വന്ദന ഗർഭിണിയായിരുന്നപ്പോൾ അമ്മയുടെ വീട്ടിലേക്കായി ട്രെയിനിൽ പോകുകയായിരുന്നു. ആ യാത്രയിൽ ദിവസം മുഴുവനും ഛർദ്ദിച്ചു കൊണ്ടേയിരുന്നു. വന്ദനസൗകര്യപ്രദമായികിടന്നു യാത്ര ചെയ്യുന്നതിനായി, അടുത്തിരുന്ന ആരോ ഒരാൾ സീറ്റ് ഒഴിഞ്ഞു നൽകി. പടിക്കെട്ടിനരികിൽ നിന്നു കൊണ്ടേ യാത്ര ചെയ്തു അദ്ദേഹം. വന്ദന ഇരുന്ന അവസ്ഥയിൽ, അദ്ദേഹത്തിന്റെ പേരു പോലും ചോദിച്ചില്ല. നന്ദി പറഞ്ഞ് പുറത്തിറങ്ങി.

വന്ദനയ്ക്ക് മകൻ ജനിച്ചു. അവന് ഇപ്പോൾ 14 വയസ്സായി. അവന്റെ ക്ലാസ് ടീച്ചർ ഒരു ദിവസം വന്ദനയെ വിളിച്ചു. മകനെക്കുറിച്ച് അഭിമാനത്തോടെ പറഞ്ഞു. 'സ്കൂളിൽ ഇന്നലെ ടൂർ പോയപ്പോൾ ഒരു കുട്ടി യാത്രയിൽ ഉറക്കമില്ലാതെ ഛർദ്ദിച്ചു. അവന് കിടന്നു വരാനായി നിങ്ങളുടെ മകൻ സീറ്റ് നൽകി. ടൂർ മുഴുവനും നിന്നു കൊണ്ടാണ് അവൻ യാത്ര ചെയ്തത' എന്ന് അധ്യാപിക അഭിനന്ദിച്ചപ്പോൾ, എപ്പോഴോ ട്രെയിനിൽ സീറ്റ് നൽകിയ പേര് അറിയാത്ത മനുഷ്യനെ വന്ദന ഓർത്തുപോയി. •

# സഹായ ഹസ്തം

ഒരു ഷോപ്പിങ് മാളിൽ, ഒരു വൃദ്ധയെ കൈ പിടിച്ചു കൊണ്ട് വരികയാണ് ഒരു യുവതി. കണ്ണാടി വാതിൽ തുറന്നു പിടിച്ചു കൊണ്ട് അവർ സുരക്ഷിതരായി ഉള്ളിലേക്ക് കടക്കാൻ സഹായിച്ചു മഹേഷ്. നന്ദി പറഞ്ഞു കൊണ്ട് അവർ ഉള്ളിൽ കടന്നു. അൽപ ദൂരം പോയതും, ചില പടിക്കെട്ടുകൾ ഉണ്ടായിരുന്നു. മുട്ടു വേദന കൊണ്ട് ബുദ്ധിമുട്ടുന്ന മഹേഷ്, പടിക്കെട്ട് കയറാൻ കഴിയുമോ എന്ന ആശങ്കയോടെ പടിയിൽ കാൽ വച്ചു. ഓരോ പടിയായി അദ്ദേഹം സാവകാശം കയറുമ്പോൾ ഒരു കൈ അദ്ദേഹത്തിന് താങ്ങായുണ്ടായിരുന്നു. തിരിഞ്ഞു നോക്കിയപ്പോൾ, ആ വൃദ്ധ. 'ഭയപ്പെടാതെ കയറൂ, വേദനിക്കില്ല' എന്ന് ആ വൃദ്ധയുടെ സഹായ ഹസ്തം നീണ്ടു.





# പങ്കുവയ്ക്കാം

രാത്രി വൈകി ജോലി പൂർത്തിയാക്കി തന്റെ മുറിയിലേക്ക് മടങ്ങി ഒരു യുവാവ്. മുറിയിൽ പോയി കഴിക്കാം എന്ന് കരുതി വഴിയിലെ ഒരു ഹോട്ടലിൽ നിന്ന് പാഴ്സൽ വാങ്ങി. അൽപ ദൂരം കടന്നതും, 'സർ' എന്ന ഒരു ശബ്ദം കേട്ടു. കൈക്കുഞ്ഞിനെ തോളിൽ കിടത്തി ഒരു സ്ത്രീ ഭിക്ഷ യാചിക്കുന്നു. അവരുടെ കണ്ണുകളിലും മുഖത്തും ആ സ്വരത്തിലും വിശപ്പ് തെളിഞ്ഞു നിൽക്കുന്നു. പോക്കറ്റിൽ ഉള്ള ചില്ലറ നൽകുന്നതിൽ അർത്ഥമില്ലെന്ന് ചിന്തിച്ച്, തന്റെ കൈയിലിരുന്ന പാഴ്സൽ ആ സ്ത്രീക്ക് നൽകി, 'കഴിക്കൂ' എന്ന് പറഞ്ഞു അവൻ. തനിക്ക് ഒരു രാത്രി വിശപ്പ് താങ്ങാൻ കഴിയും എന്ന് ചിന്തിച്ചു.

അൽപ ദൂരം പോയതും ഒരു കൈ അവനെ സ്പർശിച്ചു. തിരിഞ്ഞു നോക്കിയപ്പോൾ, അടുത്ത മുറിയിൽ തങ്ങിയിരിക്കുന്ന സുഹൃത്ത്. 'ഞാൻ നാല് ദോശ വാങ്ങിയിട്ടുണ്ട്. നമുക്ക് രണ്ട് വീതം കഴിക്കാ, വരൂ' എന്ന് സ്നേഹത്തോടെ തന്റെ മുറിയിലേക്ക് ക്ഷണിച്ചു അദ്ദേഹം.



# വഴിയിൽ ആവശ്യം വരും

ലഡാക്കിൽ യാത്ര പോയിരുന്നു സന്ധ്യ. മഞ്ഞിൽ പൊതിഞ്ഞ മലയിൽ അവിടവിടെ ചെറിയ ചെറിയ ഗ്രാമങ്ങൾ. അവിടത്തെ സ്ത്രീകൾ ഭംഗിയായി സ്വെറ്റർ നെയ്ത് വിറ്റുകൊണ്ടിരുന്നു. കാഴ്ചയിൽ ലളിതമെങ്കിലും ഭംഗിയുള്ള ഒരു സ്വെറ്റർ വാങ്ങി സന്ധ്യ. 250 രൂപ വില ചോദിച്ചു. സമീപത്ത് എവിടെയും എടിഎം ഇല്ല. ഫോൺ വഴി പണം അയക്കാമെന്ന് കരുതിയാൽ, നെറ്റ്‌വർക്ക് ഇല്ലാത്തതിനാൽ ജിപേ പ്രവർത്തിക്കുന്നില്ല. തന്റെ ബാഗിൽ തെരഞ്ഞ് ഉണ്ടായിരുന്ന പണമെല്ലാം എടുത്തു. മൊത്തം 200 രൂപയേ ഉണ്ടായിരുന്നുള്ളൂ.

'നിങ്ങൾ ആഗ്രഹിച്ച് ചോദിക്കുന്നതല്ലേ. സാരമില്ല, ഈ പണം മതി' എന്ന് പറഞ്ഞ് സ്വെറ്റർ നൽകി ആ സ്ത്രീ. അതു കൊണ്ടും അവസാനിച്ചില്ല. 'വഴിയിൽ എന്തെങ്കിലും അത്യാവശ്യം വന്നാൽ എന്തു ചെയ്യും? ഇതു വച്ചോളൂ' എന്ന് പറഞ്ഞ് 50 രൂപ തിരികെ നൽകുകയും ചെയ്തു.

സാധാരണക്കാരുടെ ഉദാരതയെക്കുറിച്ച് ചിന്തിച്ച സന്ധ്യ, ആ സ്ത്രീയെ ആശ്ലേഷിച്ച് നന്ദിയോടെ വിട പറഞ്ഞു.

# ഈ ഗന്ധം നല്ലത്



ഇലക്ട്രോണിക് വസ്തുക്കൾ വിൽക്കുന്ന കടയിലെത്തി ഒരു സ്ത്രീ. പല വിധത്തിലുള്ള വാഷ്ങ്മെഷീനുകൾഅവരെകാണിച്ചസെയിൽസ് ഗേൾ മീനയ്ക്ക് ആ സ്ത്രീ ഉപയോഗിച്ചിരുന്ന ബോഡി സ്പ്രേയുടെ മണം ഇഷ്ടപ്പെട്ടു. ഒരു നിശ്ചിത സ്പ്രേയുടെ പേര് പറഞ്ഞ്, 'അതല്ലേ ഉപയോഗിച്ചിരിക്കുന്നത്. എനിക്ക് ഈ മണം നല്ല ഇഷ്ടമാണ്. കുട്ടിയായിരിക്കുമ്പോൾ അമ്മ വാങ്ങി നൽകുമായിരുന്നു. അമ്മ ആക്സിഡന്റിൽ മരിച്ച ശേഷം കുടുംബം ബുദ്ധിമുട്ടിലായി, ഞാൻ ഇവിടെ ജോലി ചെയ്യേണ്ട ചുറ്റുപാടിലായി. ഈ സ്പ്രേയുടെ മണം അടിച്ചപ്പോൾ എനിക്ക് അമ്മയുടെ ഓർമ്മ വന്നു' എന്ന് പറഞ്ഞു മീന. വന്ന സ്ത്രീ ഒന്നും പറയാതെ, വാഷിങ് മെഷീൻ വാങ്ങി പോയി.

രണ്ടു മണിക്കൂർ കഴിഞ്ഞ് ആ സ്ത്രീ ഒരു പുതിയ സ്പ്രേ ബോട്ടിൽ സഹിതം വന്ന് മീനയ്ക്ക് അത് നൽകി. 'എന്നെ അനുസരിക്കാതെ വിവാഹം കഴിച്ച് എന്നെ വിട്ടുപോയ മകൾക്ക് നൽകുകയാണെന്ന് കരുതിക്കോളാം' എന്ന് അവർ പറഞ്ഞു. ആ രണ്ടു പേരിൽ ആരുടെ കണ്ണുകളിലാണ് ആദ്യം കണ്ണീര് പൊടിഞ്ഞതെന്ന് ഇരുവർക്കും ഓർമ്മയില്ല.

# പേരക്കുട്ടിക്ക് ഇഷ്ടമാണ്



മാർക്കറ്റിൽ നിന്ന് പച്ചക്കറികളും പലവ്യഞ്ജനങ്ങളും വാങ്ങിക്കൊണ്ടിരുന്ന ഒരു വൃദ്ധ, ഒരു ചെറിയ വസ്ത്രക്കടയിൽ തൂക്കിയിട്ടിരുന്ന വസ്ത്രം കണ്ടതും നോക്കി നിന്നു. കടക്കാരനോട് അതിന്റെ വില ചോദിച്ചു. '500 രൂപ' എന്ന് പറഞ്ഞു കടക്കാരൻ.

വൃദ്ധ മടിച്ചു മടിച്ച്, 'ഈ ഡ്രസ് എന്റെ പേരക്കുട്ടിക്ക് ഇഷ്ടമാണ്. എന്റെ കൈവശം ഇപ്പോൾ പണമില്ല. ജോലിക്ക് പോയാൽ രണ്ടാഴ്ച കൊണ്ട് എങ്ങനെയും സമ്പാദിക്കാം. അതു വരെ ഈ ഡ്രസ് ആർക്കും വിൽക്കാതെ മാറ്റിവയ്ക്കാൻ കഴിയുമോ?' എന്ന് ചോദിച്ചു. 'അങ്ങനെ വയ്ക്കാൻ കഴിയില്ലമ്മ. കടയിൽ എത്തുന്നവർ ഇഷ്ടപ്പെട്ട് ചോദിച്ചാൽ വിൽക്കാതിരിക്കാൻ കഴിയുമോ?' എന്ന് ചോദിച്ചു കടക്കാരൻ.

വൃദ്ധ നിരാശയോടെ അടുത്ത കടയിൽ നിന്ന് പച്ചക്കറികൾ വാങ്ങി സഞ്ചി എടുത്തപ്പോൾ, ആ സഞ്ചിയുടെ മുകളിൽ ഒരു പാഴ്സൽ. തുറന്നു നോക്കിയപ്പോൾ, അവർ പേരക്കുട്ടിക്ക് വാങ്ങാൻ ഉദ്ദേശിച്ച വസ്ത്രം. തിരക്കേറിയ മാർക്കറ്റിൽ ആരായിരിക്കും ഇത് വാങ്ങി തന്റെ സഞ്ചിയിൽ വച്ചിരിക്കുക എന്ന് ചിന്തിച്ച് ചുറ്റും നോക്കി വൃദ്ധ. ആരെന്ന് കണ്ടെത്താൻ കഴിഞ്ഞില്ല. മുഖം അറിയാത്ത ആ 'ദൈവത്തിനെ' നന്ദിയോടെ നമിച്ചു ആ വൃദ്ധ.

# സ്നേഹം പടർത്താം

വാട്സ്ആപ്പിലൂടെ ഇപ്പോഴും ലോകം മുഴുവനും ചുറ്റിക്കൊണ്ടിരിക്കുന്ന ഒരു വീഡിയോ നിങ്ങളും കണ്ടിരിക്കും. 'കുട്ടികളാണ് സ്നേഹത്തിന്റെ പ്രാരംഭ ബിന്ദു' എന്നത് ബോധ്യപ്പെടുത്തുന്ന വീഡിയോ ആണ് അത്. അതിൽ സംഭാഷണങ്ങളേ ഇല്ല. സ്നേഹത്തിന്റെ വെളിപ്പെടുത്തൽ ലോകത്തെ ഏത് ഭാഷ സംസാരിക്കുന്നവർക്കും മനസ്സിലാകും അല്ലേ? അങ്ങനെയുള്ള ഒന്നാണ് അത്.

ഒരു മെഡിക്കൽ സ്റ്റോറിൽ മരുന്നുകൾ വാങ്ങാൻ നിൽക്കുകയായിരുന്നു ഒരു വയോധികൻ. കുറിപ്പടി നോക്കി ധാരാളം മരുന്നുകൾ എടുത്തു വയ്ക്കുന്നു കടയിലെ യുവാവ്. ആ മരുന്നുകൾ എല്ലാം അത്യാവശ്യം ആണെന്ന് ആ വയോധികന്റെ മുഖം കണ്ടാൽ മനസ്സിലാകും. അവസാനം വില കണക്കാക്കി നോക്കുമ്പോൾ, അതിൽ പകുതി പണം മാത്രമേ വയോധികന്റെ പക്കൽ ഉള്ളൂ. പതറാതെ അത് കടയിലെ യുവാവിനെ ഏൽപിച്ച്, തന്റെ വിരലിൽ ഉണ്ടായിരുന്ന മോതിരവും ഊരി നൽകിയ ശേഷം അവനെ കൈകൂപ്പി വണങ്ങി വയോധികൻ.

കടയിൽ നിന്നിരുന്ന ഒരു ചെറിയ കുട്ടി ഇത് ശ്രദ്ധിച്ചു. ചോക്കലേറ്റ് വാങ്ങാനായി അൽപം മുമ്പ് അമ്മയുടെ പക്കൽ നിന്ന് 50 രൂപ അവൻ വാങ്ങിയിട്ടുണ്ടായിരുന്നു. വയോധികന്റെ മുഖം കണ്ട് എന്തോ മനസ്സിലാക്കിയ അവൻ, തന്റെ 50 രൂപ അദ്ദേഹത്തിന്റെ മരുന്നിനു വേണ്ട തുകയായി വയ്ക്കുന്നു. വയോധികൻ അതിശയിച്ചു പോയി. കുട്ടിയുടെ അമ്മയും ഇത് കണ്ട് തന്റെ പങ്കായി 500 രൂപ നൽകുന്നു. വയോധികന്റെ പിന്നിൽ നിന്ന ഒരാൾ രണ്ടായിരം രൂപ നൽകുന്നു. അപ്പോഴും തികയുന്നില്ല. കടയിലെ യുവാവ് ഇതെല്ലാം കണ്ട് പോക്കറ്റിൽ ഉണ്ടായിരുന്ന തന്റെ ശമ്പളത്തിൽ നിന്ന് ആയിരം രൂപ എടുത്ത് മേശയിൽ വച്ചു. അത് കണ്ടു കൊണ്ട് കടയുടമ വരുന്നു. ബാക്കി പണം വേണ്ട



എന്ന് പറഞ്ഞ ശേഷം, മരുന്നുകൾ വയോധികനെ ഏൽപിച്ച്, മോതിരവും അദ്ദേഹത്തിന്റെ കൈയിൽ ഇട്ടു നൽകി പറഞ്ഞയച്ചു.

ഈ ലോകത്ത് മനുഷ്യത്വം തഴയ്ക്കുകയാണെന്ന് ബോധ്യപ്പെടുത്തുന്നത് ഇത്തരത്തിലുള്ള നിസ്വാർത്ഥമായ സഹായങ്ങളാണ്. മറ്റൊരു മെഡിക്കൽ ഷോപ്പ് ഉടമയുടെ കഥയാണ് ഇത്. പെട്ടെന്ന് രോഗബാധിതനായി അദ്ദേഹം മരണപ്പെടുന്നു. മകനും മകളും അപ്പോൾ കൊളെജിൽ പഠിക്കുന്ന സമയം. കുടുംബം അദ്ദേഹം ഇല്ലാതെ പ്രതിസന്ധിയിലാകുമോ എന്ന ഭയം ഭാര്യക്ക് ഉണ്ടായി. കാരണം, അവർക്ക് മെഡിക്കൽ ഷോപ്പ് നടത്തി ശീലമില്ല. അടുത്ത ബന്ധുക്കൾ എന്നു പറയാനും ആരുമില്ല.

അതേ നഗരത്തിൽ മെഡിക്കൽ ഷോപ്പ് ഇട്ടിരിക്കുന്ന മറ്റൊരാൾ സഹായത്തിനെത്തി. 'ബിസിനസിൽ ഏറെ പണം നഷ്ടപ്പെട്ട് അവതാളത്തിലായ എനിക്ക് കട ഇട്ടു നൽകി എന്നെ കൈപിടിച്ച് ഉയർത്തിയത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ കട ഞാൻ ആളെ വച്ച് നോക്കിക്കോളാം. ലഭിക്കുന്ന ലാഭം അങ്ങനെ തന്നെ നിങ്ങൾക്ക് നൽകാം. പഠനം പൂർത്തിയായ ശേഷം കുട്ടികൾക്ക് ആർക്കെങ്കിലും കട നോക്കാൻ താൽപര്യം ഉണ്ടെങ്കിൽ, അപ്പോൾ അവർക്ക് ബിസിനസും പഠിപ്പിച്ചു നൽകാം' എന്നു പറഞ്ഞു അദ്ദേഹം.

ആ കുടുംബം യഥാർത്ഥത്തിൽ ഇതൊന്നും പ്രതീക്ഷിച്ചതേ അല്ല. മെഡിക്കൽ ഷോപ്പ് ഉടമ മരിച്ച് ആറു മാസം കഴിഞ്ഞതും, ഇങ്ങനെ ആരെങ്കിലും ഒരാൾ മറക്കാനാവാത്ത ഓർമ്മകളുമായി വന്ന് സംസാരിച്ചിട്ടു പോകുന്നത് അവസാനിച്ചില്ല. തങ്ങളുടെ അച്ഛനിൽ മക്കൾക്ക് വലിയ അഭിമാനം തോന്നി. ഒരു ഘട്ടത്തിൽ മകൻ അമ്മയുടെ അടുത്തെത്തി. 'അമ്മാ, ഞാൻ പഠനത്തിനോടൊപ്പം പകുതി സമയം അച്ഛന്റെ കടയും നോക്കാം. അച്ഛൻ നടത്തിയതു പോലെ കട നടത്താൻ ആഗ്രംഹമുണ്ട്,' എന്ന് പറഞ്ഞു.

സമാനമായ ഓർമ്മകൾ മറ്റൊരു കുടുംബത്തിനും ലഭിച്ചു. ഒരു അഭിഭാഷകൻ വിജയകരമായി തന്റെ ജോലി ചെയ്യുകയാണ്. വിവാഹ മോചന കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രശസ്തനാണ്. അദ്ദേഹം ഒരു



കേസ് വാദിച്ചാൽ, അതിൽ ഉറപ്പായും വിവാഹ മോചനം ലഭിക്കും. അതിനാൽ പണം കുമിഞ്ഞു. സൗകര്യങ്ങൾ വന്നു ചേർന്നു.

അദ്ദേഹം വിവാഹ മോചനം നേടിക്കൊടുത്ത ഒരു സ്ത്രീ ഒരു ദിവസം കണ്ണീരോടെ അഭിഭാഷകനെ വന്നു കണ്ടു. 'ഏതോ ഒരു വേഗത്തിൽ വിവാഹ മോചനത്തിന് ഞാൻ അന്ന് സമ്മതിച്ചു. പക്ഷേ, അത് എത്ര വലിയ തെറ്റായിപ്പോയെന്ന് ഇപ്പോൾ മനസ്സിലാകുന്നു. എന്റെ അച്ഛനും അമ്മയും എന്നെ വാക്കുകൾ കൊണ്ട് വേദനിപ്പിച്ചതിനാൽ ഒറ്റയ്ക്ക് താമസം തുടങ്ങി. ഒറ്റയ്ക്ക് താമസിക്കാൻ ഭയമായിരിക്കുന്നു. എന്റെ മകൻ പകുതി ദിവസം എന്നോടൊപ്പവും പകുതി ദിവസം അച്ഛനോടൊപ്പവുമാണ് ഉള്ളത്. അവന് പഴയതു പോലെ പഠിക്കാൻ കഴിയുന്നില്ല. അവനെ ഓർത്താൽ സങ്കടം തോന്നുന്നു. ഇതെല്ലാം മുമ്പേ സൂചിപ്പിച്ച് താങ്കൾ ഉപദേശിച്ചിരുന്നിരുന്നെങ്കിൽ, ഞാൻ വിവാഹ മോചനം ആവശ്യപ്പെട്ടില്ലായിരുന്നു' എന്ന് പറഞ്ഞു അവർ.

ആ ദിവസം അദ്ദേഹം മാറി. ഇനി മേൽ കുടുംബങ്ങളെ വേർപിരിക്കില്ല എന്ന് തീരുമാനിച്ചു. അതിന് പ്രായശ്ചിത്തമായി, കുടുംബങ്ങളെ ഒന്നു ചേർക്കും എന്ന് അദ്ദേഹം തീരുമാനിച്ചു. ആരൊക്കെ കുട്ടികളെ ദത്തെടുക്കാൻ ആഗ്രഹിക്കുന്നുവോ അവർക്കായി കേസ് നടത്തി. ധാരാളം കുട്ടികൾക്ക് അമ്മയേയും അച്ഛനേയും ലഭിച്ചു. വരുമാനം കുറഞ്ഞതിനാൽ അദ്ദേഹം ദുഃഖിച്ചില്ല.

വാർധക്യത്തിൽ അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന് അഞ്ജലി അർപ്പിക്കാൻ എത്തിയ ജനക്കൂട്ടം കണ്ട് നാട് അമ്പരന്നു. അമ്മമാരും അച്ഛന്മാരും കുട്ടികളും കുടുംബത്തോടെ എത്തി കണ്ണീർ അഞ്ജലി അർപ്പിച്ചു. സ്നേഹം പകർന്നു നൽകുന്നവർക്ക് അത് ധാരാളമായി തിരികെ ലഭിക്കും എന്നതിന് സാക്ഷിയായി അത്. ●

# കൊടുക്കുന്നതിൽ ലഭിക്കുന്ന കരുത്ത്



അനുതാപം കാട്ടുക എന്നതും സ്നേഹത്തോടെ ഒരാൾക്കായി എന്തും കൊടുക്കാൻ തയാറായിരിക്കുക എന്നതും വ്യത്യസ്തമാണ്. വാക്കിനും പ്രവർത്തിക്കും ഉള്ള വ്യത്യാസമാണ് അത്. ഒരാൾ പ്രശ്നത്തിലാണെന്നോ അല്ലെങ്കിൽ ദുരിതത്തിൽ ബുദ്ധിമുട്ടുകയാണെന്നോ അറിഞ്ഞാൽ, 'കഷ്ടം തന്നെ!' എന്ന് വായ കൊണ്ട് ആശ്വസിപ്പിച്ച് കടന്നു പോകുന്നത് അനുതാപം. 'എന്റെ തോളുകളിൽ ചാഞ്ഞു കൊള്ളൂ. ഈ ദുരിതം ഒരുമിച്ച് പങ്കുവയ്ക്കാം' എന്ന് പറയുന്നത് സ്നേഹം.

'നിനക്ക് എന്ത് സഹായം വേണമെങ്കിലും ചോദിക്കണം' എന്നത് അനുതാപം. 'നിനക്ക് സഹായം ചെയ്യാനാണ് ഞാൻ വന്നിരിക്കുന്നത്' എന്ന് ഒരുമിച്ചു നിന്ന് സഹായം ചെയ്യുന്നത് സ്നേഹം. 'നിന്റെ കഷ്ടപ്പാട് ചിന്തിച്ചാലേ സങ്കടം തോന്നുന്നു' എന്ന് പറയുന്നത് അനുതാപം. 'നിന്റെ ഭാരം ഞാനും പങ്കുവയ്ക്കാം. അത് ലഘുവാകും' എന്ന് പറയുന്നത് സ്നേഹം. വെറും അനുതാപത്തിനും അപ്പുറം കൂടുതൽ അടുത്ത് സ്നേഹം കാണിക്കുന്നത് ഒരാളുടെ ജീവിതം എങ്ങനെ മാറ്റും എന്നതിന് ഉദാഹരണം ഈ സംഭവം...

സുരേഷ്ഒരുദിവസംസ്കൂൾകഴിഞ്ഞ് വീട്ടിലേക്ക് നടന്നു പോകുമ്പോൾ, തനിക്ക് മുമ്പേ പോയ ഒരു വിദ്യാർത്ഥി കാൽതട്ടി താഴെ വീണത് ശ്രദ്ധിച്ചു. മറ്റ് വിദ്യാർത്ഥികൾ, 'ഡേയ്, നോക്കി നടന്നു കൂടേ?' എന്ന് ചോദിച്ച ശേഷം കടന്നു പോയതല്ലാതെ, ആരും അവനെ സഹായിച്ചില്ല.

സുരേഷ് ഓടിച്ചെന്ന് അവനെ എഴുന്നേൽപിച്ചു. ആ വിദ്യാർത്ഥിയുടെ മുതുകിൽ സ്കൂൾ ബാഗ്, കൈ നിറയെ നോട്ട് പുസ്തകങ്ങൾ, ക്രിക്കറ്റ് ബാറ്റ്, പന്ത്, ക്രിക്കറ്റ് കളിക്കുമ്പോൾ ധരിക്കുന്ന കൈയുറകൾ എന്നിങ്ങനെ ധാരാളം വസ്തുക്കൾ എടുക്കാൻ കഴിയാതെ



ചുമന്ന് നില തെറ്റി വീണതാണെന്ന് അവന് മനസ്സിലായി.

സുരേഷ് അവന്റെ കൈകാലുകൾ നോക്കി. 'ഭാഗ്യം കൊണ്ട് മുറിവൊന്നും പറ്റിയില്ല' എന്ന് പറഞ്ഞ്, താഴെ ചിതറിക്കിടന്ന എല്ലാം എടുത്തു. 'നീ ഏതു ഭാഗത്തേക്കാണ് പോകുന്നത്?' എന്ന് അവനോട് ചോദിച്ചു. അവൻ അത് പറഞ്ഞു. 'ശരി, ഞാൻ വീട്ടിലേക്ക് പോകുന്ന വഴിയാണ്. ഇത്രയും നിന്നെക്കൊണ്ട് എടുത്തു കൊണ്ടുവരാൻ പറ്റില്ല. ഞാൻ പകുതി എടുത്ത് നിന്റെ വീട്ടിൽ കൊണ്ടു നൽകാം' എന്ന് പറഞ്ഞ് അവനും അവ പങ്കിട്ടെടുത്തു. ആ വിദ്യാർത്ഥിയുടെ പേര് ജീവ എന്നാണെന്ന് മനസ്സിലാക്കി സുരേഷ്. സുരേഷിനേക്കാൾ ഒരു വയസ്സ് ചെറിയവൻ. എട്ടാം ക്ലാസിൽ പഠിക്കുന്നു.

ജീവയുടെ വീട് കൂറ്റൻ ആയിരുന്നു. ഉള്ളിൽ പോയി എല്ലാ വസ്തുക്കളും വച്ചു സുരേഷ്. ജീവ ഫ്രിഡ്ജിൽ നിന്ന് തണുത്ത വെള്ളം എടുത്ത് സുരേഷിന് നൽകി. ഇരുവരും ഏറെ നേരം സന്തോഷത്തോടെ സംസാരിച്ചു. പാഠ്യവിഷയം, അധ്യാപകർ, ക്രിക്കറ്റ്, സിനിമ എന്നിങ്ങനെ എന്തൊക്കെയോ സംസാരിച്ച ശേഷം സുരേഷ് പുറപ്പെട്ടു. 'അവധി ദിവസം എന്റെ വീട്ടിലേക്ക് വരൂ' എന്ന് ക്ഷണിക്കുകയും ചെയ്തു.

പിറ്റേ ദിവസം ഭക്ഷണ ഇടവേളയിൽ ഇരുവരും ചേർന്ന് ഭക്ഷണം കഴിച്ചു. വൈകുന്നേരം ഒരുമിച്ച് വീട്ടിലേക്ക് മടങ്ങി. അൽപ ദിവസം കൊണ്ട് അടുത്ത സുഹൃത്തുക്കളായി മാറി അവർ.

സുരേഷ് പ്ലസ് 2 പൂർത്തിയാക്കി മറ്റൊരു സ്ഥലത്തെ കൊളെജിൽ ചേരാൻ കാത്തിരിക്കുകയാണ്. 'ഇനിയും ഒരു വർഷം ഞാൻ ഇല്ലാതെ നീ സ്കൂളിലേക്ക് പോകണം, അല്ലേ ജീവാ?' എന്ന് സുരേഷ് ചോദിച്ചതും, 'അതെ, നിന്നെ മിസ് ചെയ്യും' എന്ന് പറഞ്ഞ് ജീവ കരഞ്ഞു. 'ഡേയ്, കരയാതെ' എന്ന് സുരേഷ് ആശ്വാസപ്പെടുത്തി.

'നിനക്ക് ഒരു കാര്യം അറിയില്ല സുരേഷ്, നാം ആദ്യമായി കണ്ടുമുട്ടിയ ദിവസം ഓർമ്മയുണ്ടോ? അന്ന് എന്തിനാണ് ഞാൻ അത്രയും വസ്തുക്കൾ ചുമന്നു കൊണ്ട് വന്നത് എന്ന് ചോദിച്ചില്ലേ. സത്യം എന്താണെന്ന് അറിയാമോ? അന്ന് ഞാൻ മരിക്കാൻ തീരുമാനിച്ചതായിരുന്നു' എന്ന് സങ്കടത്തോടെ പറഞ്ഞു ജീവ. 'നീ എന്താ ഈ പറയുന്നത്?' എന്ന് സുരേഷ് അടുത്തേക്ക് വന്ന് അവന്റെ കണ്ണുകൾ തുടച്ചു.

'അതെ സുരേഷ്, ആ ദിവസങ്ങളിൽ വീട്ടിൽ അച്ഛനും അമ്മയും വഴക്കിടുമായിരുന്നു. വഴക്ക് ഉണ്ടായാൽ രണ്ടു പേരും എന്നെ വഴക്കു പറയും, അടിക്കും. അങ്ങനെ നേരാംവണ്ണം പഠിക്കാൻ കഴിയാതെ സ്കൂളിൽ നിന്നും വഴക്കു കേൾക്കും. എനിക്കായി ആരും ഇല്ല എന്ന് തോന്നി. അതിനാൽ, ആത്മഹത്യ ചെയ്യാം എന്ന് തീരുമാനിച്ച്, അമ്മയുടെ ഉറക്ക ഗുളികകൾ രഹസ്യമായി എടുത്ത് ചേർത്തു വച്ചു. സ്കൂളിൽ ഉണ്ടായിരുന്ന എന്റെ എല്ലാ വസ്തുക്കളും എടുത്തു വന്ന് വീട്ടിൽ വച്ച ശേഷം മരിക്കാം എന്ന് തീരുമാനിച്ചാണ് എന്ന് എല്ലാം എടുത്തു കൊണ്ടു വന്നത്. വീണുപോയി. പെട്ടെന്ന് നീ വന്നു. നീ സഹായിച്ചതും എന്നോട് വീട്ടിൽഅത്രയുംനേരംസംസാരിച്ചതുംഎന്റെമനസ്സ് മാറ്റി. അതിനു ശേഷം നിന്റെ കരുതലാണ് എന്നെ നന്നായി പഠിക്കാൻ പ്രേരിപ്പിച്ചത്. ഞാൻ നന്നായി പഠിച്ചതും സ്നേഹത്തോടെ പെരുമാറിയതും എന്റെ വീടിനെത്തന്നെ മാറ്റിമാറിച്ചു. നീ എന്റെ ജീവൻ രക്ഷിച്ചിരിക്കുകയാണെന്ന് നിനക്ക് അറിയില്ല. അത് എനിക്ക് മാത്രമേ അറിയൂ. താങ്ക്സ് ഡാ' എന്ന് സുരേഷിനെ ആശ്ലേഷിച്ചു ജീവ.

സ്നേഹം കാണിക്കുമ്പോൾ നാം മറ്റൊരാളുടെ ജീവിതത്തിൽ എത്തരത്തിലുള്ള മാറ്റങ്ങൾ ഏർപ്പെടുത്തുന്നു എന്നത് നമുക്ക് അറിയില്ല.

- ഹൃദയം തുറന്ന് മറ്റുള്ളവരോട് സംസാരിക്കണം. സ്നേഹത്തിനായി ആരെയും കാത്തു നിർത്തരുത്.
- അപരിചിതർക്കും നിങ്ങളാൽ കഴിയുന്ന സഹായം ചെയ്യണം.
- സുഹൃത്തുക്കളോടും ബന്ധുക്കളോടും കൂടുതൽ അകലം കാട്ടരുത്. അവർക്ക് ആവശ്യമായ സമയങ്ങളിൽ അരികിൽ ഉണ്ടായിരിക്കണം.
- മറ്റുള്ളവരെ പ്രചോദിപ്പിക്കാനും അഭിനന്ദിക്കാനും മടിക്കരുത്. ആവശ്യമായ ആർക്കും വഴികാട്ടിയാകണം.
- ഒരാൾക്ക് സഹായം ചെയ്യുന്നതിനായി മറ്റൊരാളോട് സഹായം ചോദിക്കാനും മടിക്കരുത്. മറ്റൊരാൾക്കാകുമ്പോൾ മടിക്കാതെ സഹായം ചോദിക്കാൻ കഴിയും. ●

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 9 ലക്കം 1
സെപ്തംബർ 2026

ഓണററി എഡിറ്റർ
**കെ ആർ നാഗരാജൻ**

പത്രാധിപർ
**ടി ജെ ജ്ഞാനവേൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സെബാസ്റ്റ്യൻ ജോസഫ്**

അസിസ്റ്റന്റ് എഡിറ്റർ
**വേണുഗോപാൽ എസ്**

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ (പ്രൈ) ലിമിറ്റഡ്,
നം. 188, ഗ്രൗണ്ട് ഫ്ലോർ,
14-ആമത് ക്രോസ് സ്ട്രീറ്റ് ജങ്ഷൻ,
ഡിഫെൻസ് കോളനി,
ഈക്കാട്ടുതാങ്കൽ,
ചെന്നൈ - 600 032
മൊബൈൽ - 9952920801


ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

# ദാനം തന്നെ ജീവിതം

നമ്മുടെ ജീവിതം തന്നെ വലിയൊരു ദാനമാണ്. എത്രയോ പേരുടെ അനുഗ്രഹങ്ങളും ആഗ്രഹങ്ങളുമാണ് നമ്മെ മുന്നോട്ടു കൊണ്ടു പോകുന്നത്. അത് കണ്ടറിയാനും മറ്റുള്ളവർക്ക് സാധ്യമായ തോതിൽ നമുക്ക് പകർന്നു നൽകാനും കഴിഞ്ഞെങ്കിൽ നമ്മുടെ ജീവിതം ധന്യമായി. നിരന്തരമായ ദാനത്തിന്റെ ചരടുകൾ ജീവിതത്തെ വലയം ചെയ്യുമ്പോൾ നമ്മുടെ ജീവിതം സാർത്ഥകമാകുന്നു. ദാനം സ്നേഹത്തിന്റെ പര്യായം പോലെയായി മാറുന്നു. തന്റെ ഒരു അവയവം തന്നെ ത്യാഗം ചെയ്യാൻ തയ്യാറായ ശിബിയുടെ കഥകൾ കേട്ടാണ് നാം വളർന്നത്. അവരൊക്കെ നമ്മുടെ മുന്നിൽ എത്രയോ ഉയരങ്ങളിൽ ആണ്. പക്ഷേ അതിനർത്ഥം നമ്മുടെ ദാനങ്ങൾ ചെറുതാണ് എന്നല്ല. വിധവയുടെ ചില്ലിക്കാശു പോലും എത്രയോ മഹനീയം ആണെന്ന് ബൈബിൾ പറയുന്നു. ദാനമാണ് മറ്റുള്ളവരുടെ അഭ്യുന്നതിക്ക് കാരണമാകുന്നത്. നാം ഓരോന്നും കൈപ്പറ്റുമ്പോൾ നമുക്ക് സാധ്യമായ വിധം തിരികെ കൊടുക്കാനും കഴിയണം. അതാണ് നമുക്ക് ഔന്നത്യവും സന്തോഷവും സമാധാനവും നൽകുന്നത്.


ദാനം ആധുനികയുഗത്തിൽ വ്യക്തിപരം മാത്രമല്ല. വൻകിട സ്ഥാപനങ്ങൾ ഇപ്പോൾ ഈ രംഗത്തുണ്ട്. ഏതെങ്കിലും ലക്ഷ്യം നിറവേറ്റാൻ വൻ തുക ചെലവഴിക്കുന്ന ബിൽ ആന്റ് മെലിൻഡ ഗേറ്റ്സ് ഫൗണ്ടേഷൻ പോലെ. ബിൽ ഗേറ്റ്സും വാറൻ ബുഫേയും സ്വന്തം പണം മുടക്കി വലിയ ദാന സംരംഭങ്ങൾ നടത്തുന്നു. ഒരു നാടിനു തന്നെ ആശ്രയമായ എത്രയോ ധനികർ നമുക്ക് മുന്നിലുണ്ട്. അവരെ പോലെ ആയില്ലെങ്കിലും നമുക്കും എളിയ രീതിയിൽ മറ്റുള്ളവരെ സഹായിക്കാൻ കഴിയും. നമ്മുടെ ഭക്ഷണം പങ്കു വയ്ക്കുന്നതു മുതൽ അവയവം ദാനം ചെയ്യുന്നത് വരെ വളരെ ലളിതമെന്നു തോന്നുമെങ്കിലും മഹത്തായ ദാന കർമ്മങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. വിദ്യ പകർന്നും അറിവിന്റെ ഒളി പ്രസരിപ്പിച്ചും സ്നേഹ സന്ദേശം കൈമാറിയും നമുക്ക് ലോകത്തെ മനോഹരം ആക്കാനാകും. ●


RAMRAJ
CULTURE CLUB®
MATCHING DHOTIS • SHIRTS
Perfect Match
For Every Occasion

PANCHAA™
HONEST HAND DHOTIS
From Odisha

From the house of
RAMRAJ©




LINEN PARK®
SHIRTS • TROUSERS • FABRICS
by RAMRAJ
UP CLOSE
FINE WEAVE
TEXTURE THAT SPEAKS


RAMYYAM®
SAREES • KURTIS
From the house of
RAMRAJ®

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

**നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?**

# വെണ്മ

## വരിക്കാരാകൂ



'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

**ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ**
**രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ**

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.


**വെണ്മ**
**രാംരാജ് വി ടവർ.**
**10, ചെങ്കുന്തപുരം, മംഗലം റോഡ്,**
**തിരുപ്പൂർ-641 604**
**email: venmaii@ramrajcotton.net**


**സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.**
**ഫോൺ:**
**0421-4304106, 98422 74137**

## ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

**ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:**
**Venmaii**
**A/C No: 1809135000000299, Karur Vysya Bank**
**Tirupur SR Nagar Branch, IFSC Code :KVBL0001809.**

## വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

## സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്



ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~200~~ രൂപ 125 മാത്രം**

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
**രൂപ ~~380~~ രൂപ 250 മാത്രം**

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

**ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും**

## ‘ഞങ്ങളും ഒപ്പം ഉണ്ട്’

ഒമ്പതു വയസ്സ് പെൺകുട്ടിയാണ് മർളി ബേഗ്. അവൾക്ക് അപൂർവമായ അർബുദം ഉള്ളതായി കണ്ടെത്തി. അതിനായി അവൾക്ക് കീമോതെറാപ്പി ചെയ്തതിനാൽ, തലമുടി മുഴുവനും കൊഴിഞ്ഞ് മൊട്ടയായി. ചികിത്സ കഴിഞ്ഞ് സ്കൂളിൽ പോകേണ്ട ദിവസം എത്തിയപ്പോൾ അവൾക്ക് സങ്കടം തോന്നി. തലയിൽ മുടിയേ ഇല്ലാതെ സ്കൂളിലെ സഹവിദ്യാർത്ഥികൾ കളിയാക്കുമല്ലോ എന്ന ഭയം.



പക്ഷേ, സ്കൂളിൽ അവളെ സ്വീകരിച്ച കൂട്ടുകാരി കാമറൂണിന്റെ തലയും മൊട്ടയായിരുന്നു. തന്റെ കൂട്ടുകാരിക്കു വേണ്ടി അവൾ തല മൊട്ടയിടിച്ചു. അതിനു ശേഷം ആ സ്കൂളിൽ 80 വിദ്യാർത്ഥി, വിദ്യാർത്ഥിനികളും ചില അധ്യാപകരും തല മൊട്ടയടിച്ചെത്തി. അത് ഒരു ആഘോഷമാക്കി നടത്തി ഏകദേശം 20 ലക്ഷം രൂപ സമാഹരിച്ച് അർബുദ ചികിത്സയ്ക്കു വേണ്ടി സംഭാവന ചെയ്തു അവർ.





## ‘ഭയമില്ലെങ്കിൽ, വരൂ’

ജോലിയുമായി ബന്ധപ്പെട്ട് മറ്റൊരു നഗരത്തിൽ പോയ ശേഷം ട്രെയിനിൽ നാട്ടിലേക്ക് മടങ്ങുകയായിരുന്നു നിത്യ. അതിരാവിലെ മൂന്നു മണിക്ക് ഇറങ്ങേണ്ട സ്ഥലം എത്തും. പകൽ ട്രെയിനിൽ ടിക്കറ്റ് ലഭിക്കാത്തതിനാലാണ് ഇങ്ങനെയൊരു യാത്ര. സെൽഫോണിൽ അലാറം വച്ചെങ്കിലും, ചാർജ് തീർന്ന് സെൽഫോൺ ഓഫ് ആയി. പെട്ടെന്ന് വൈകി ഉണർന്ന അവൾക്ക് അടുത്ത സ്റ്റേഷനിൽ ഇറങ്ങാൻ കഴിഞ്ഞു.



‘അച്ഛൻ ആ സ്റ്റേഷനിൽ കാത്തു നിന്നിട്ടുണ്ടായിരിക്കും. തന്നെ കാണാതെ അങ്കലാപ്പിലായിട്ടുണ്ടാകും’ എന്ന് അവൾ വിഷമിച്ചു. നിർഭാഗ്യവശാൽ ആ ചെറിയ സ്റ്റേഷനിൽ യാത്രക്കാർ ആരും ഉണ്ടായിരുന്നുമില്ല. ടാക്സി ബുക്ക് ചെയ്യാൻ അവളുടെ ഫോണിൽ ചാർജ് ഇല്ല. പുറത്ത് ഓട്ടോകളും ഇല്ല. വാതിൽക്കൽ ഒരേയൊരു കാർ നിൽക്കുന്നുണ്ട്. ആ കാറിലിരുന്ന മനുഷ്യൻ ഇവൾ വിഷമിച്ചു നിൽക്കുന്നത് കണ്ട് കാര്യം തിരക്കി.

തന്റെ ഫോൺ അവളുടെ കൈയിൽ ഏൽപിച്ച് ആ മനുഷ്യൻ, ‘ഭയപ്പെടേണ്ട, ഞാൻ ഭാര്യയെ യാത്രയാക്കാൻ വന്നതാണ്. നിങ്ങളുടെ അച്ഛൻ നിൽക്കുന്ന സ്റ്റേഷൻ 10 കിലോമീറ്ററേ ഉള്ളൂ. ഫോണിൽ അച്ഛനോട് സംസാരിച്ചു കൊണ്ടേ വരൂ. ഞാൻ കൊണ്ടു വിടാം’ എന്ന് അവളെ കൊണ്ടു പോയി അച്ഛനെ ഏൽപിച്ചു. ‘സൂക്ഷിച്ചു പോകൂ’ എന്ന് പറഞ്ഞ അദ്ദേഹം, അടുത്ത നിമിഷം തന്നെ അവിടെ നിന്ന് മടങ്ങി.



## ‘ഇത് അദ്ദേഹം നൽകിയ ജീവിതം’

തന്റെ മുത്തച്ഛനെ കാണാൻ ഒരു യുവാവ് വരുന്നത് പ്രിയ കണ്ടിട്ടുണ്ട്. അച്ഛനും അമ്മയ്ക്കും അവനെ നന്നായി അറിയാം. വരുമ്പോഴെല്ലാം അവർക്കും കുട്ടികൾക്കും എന്തെങ്കിലും വാങ്ങിവരും. മുത്തച്ഛനുമായി ഏറെ സംസാരിച്ച ശേഷം പോകും. ‘മുത്തച്ഛന് ഈ പ്രായത്തിൽ ഒരു സുഹൃത്തോ’ എന്ന് പ്രിയ കളിയാക്കി. പിന്നീടാണ് അവൾക്ക് സത്യം മനസ്സിലായത്.

മുത്തച്ഛൻ ലോക്കോ പൈലറ്റ് ആയിരുന്നു. ഒരു ദിവസം ട്രെയിനിനു മുന്നിൽ ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിച്ച ആ യുവാവിനെ അദ്ദേഹം രക്ഷപ്പെടുത്തി. പരീക്ഷയിൽ തോറ്റ നിരാശയിൽ ആയിരുന്ന അവന്, ആത്മവിശ്വാസം നൽകി. ശേഷം അവൻ നന്നായി പഠിച്ച് ഇന്ന് ജീവിതത്തിൽ മുന്നേറി. ‘ഇത് അദ്ദേഹം നൽകിയ ജീവിതം’ എന്ന് പറഞ്ഞ് മുത്തച്ഛനെ ഇടയ്ക്കിടെ വന്ന് കണ്ട് തന്റെ നന്ദി വെളിപ്പെടുത്തും. പിന്നീട് അങ്ങോട്ട് പ്രിയക്ക് മുത്തച്ഛനോടുള്ള ബഹുമാനം ഇരട്ടിയായി.



## എത്ര പേർക്ക് നൽകാം

ബസിൽ യാത്ര ചെയ്യുകയായിരുന്നു വെങ്കടേഷ്. അപ്പോൾ അതിൽ കേട്ടു കൊണ്ടിരുന്ന റേഡിയോയിൽ ഒരു സമ്മാന മത്സരത്തിന്റെ അറിയിപ്പ് കേട്ടു. ‘ഒരു കോടി രൂപ സമ്മാനം’ എന്ന് കേട്ടതും വെങ്കടേഷിന്റെ അരികിൽ ഇരുന്നിരുന്ന കാഴ്ച പരിമിതി ഉള്ള വ്യക്തി ചിരിച്ചു. ‘എന്തിനാ ചിരിച്ചത്?’ എന്ന് ചോദിച്ചപ്പോൾ, ‘കേട്ടില്ലേ? ഒരു കോടി രൂപ സമ്മാനം. ആ സമ്മാനം അടിച്ചാൽ, എത്ര സുഹൃത്തുക്കൾക്ക് അവർ ഇഷ്ടപ്പെട്ടതെല്ലാം വാങ്ങി സമ്മാനമായി നൽകാം എന്ന് അറിയാമോ? ഞാൻ ആയിരം പേർക്ക് നൽകും.‘ എന്ന് പറഞ്ഞു അദ്ദേഹം.

വെങ്കടേഷിന് അത്ഭുതം. ‘സമ്മാനം ലഭിച്ചാൽ വീട് വാങ്ങും, കാർ വാങ്ങും, ആഭരണം വാങ്ങും’ എന്ന് പറയുന്നവർക്കിടയിൽ ഈ മനുഷ്യൻ ഇങ്ങനെ ചിന്തിക്കുന്നല്ലോ എന്ന് ആശ്ചര്യപ്പെട്ടു. തനിക്ക് കാഴ്ച ലഭിക്കാൻ ഓപ്പറേഷൻ ചെയ്യും എന്നു പോലും പറയാതെ, സുഹൃത്തുക്കളെക്കുറിച്ച് ചിന്തിക്കുന്ന അദ്ദേഹത്തിന്റെ മഹാമനസ്കതയെ വണങ്ങി.

## ഒരേ രക്തം

അഞ്ച് സഹോദരന്മാരോടൊപ്പമാണ് അനിത വളർന്നത്. മധ്യവർഗ കുടുംബമാണെങ്കിലും, അനിത എന്തു ചോദിച്ചാലും ലഭിക്കും. അവർ പഠിച്ചതിനേക്കാൾ നല്ല സ്കൂളിലാണ് അവൾ പഠിച്ചത്. അവരേക്കാൾ കൂടിയ വിലയിൽ വസ്ത്രങ്ങൾ വാങ്ങി നൽകും. എല്ലാവരും എവിടെ ഉറങ്ങിയാലും അവൾക്കു മാത്രമായി പ്രത്യേകം മുറി നൽകിയിട്ടുണ്ട്. ജ്യേഷ്ഠന്മാരുമായി ചെറിയ വഴക്കുണ്ടായാലും, മാതാപിതാക്കൾ എപ്പോഴും അവളുടെ ഭാഗത്തായിരിക്കും. ‘അവൾ കുഞ്ഞല്ലേ?’ എന്ന് ജ്യേഷ്ഠന്മാരെ വിലക്കും. ജ്യേഷ്ഠന്മാരും അവളെ കരുതലോടെ നോക്കി. ‘എന്താ അവൾക്ക് മാത്രം എല്ലാം സ്പെഷ്യൽ’ എന്നു പോലും ചോദിച്ചിട്ടില്ല.

അൽപം വളർന്ന ശേഷം ഒരു ദിവസം ഒരു ബന്ധു അവൾ ആ കുടുംബത്തിലേക്ക് ദത്തെടുക്കപ്പെട്ടതാണ് എന്ന സത്യം അറിയിച്ചു. മകൾ വേണമെന്ന ആഗ്രഹത്തിൽ കുഞ്ഞായിരിക്കുമ്പോഴേ ദത്തെടുത്തതാണ്. എന്നിരുന്നാലും ആ സത്യം അവൾ അറിയരുതെന്ന് ചിന്തിച്ചാണ് ഈ നാട്ടിലേക്ക് വന്നത്. ജ്യേഷ്ഠന്മാർക്ക് അറിയാമായിരുന്നെങ്കിലും, ഒരു തവണ പോലും ആരും വ്യത്യസ്തമായി പെരുമാറിയില്ലെന്നത് ഓർത്ത് അവളുടെ കണ്ണ് നിറഞ്ഞു. ‘ഞങ്ങളുടെ കുടുംബത്തിലല്ല നീ ജനിച്ചതെങ്കിലും, നീ ഞങ്ങളുടെ രക്തമാണ്’ എന്ന് പറഞ്ഞ് അവർ, ഇപ്പോൾ പോലും ‘ഈ സത്യം അവൾ അറിഞ്ഞല്ലോ’ എന്ന് സങ്കടപ്പെടുന്നു. ●



# ലക്ഷ്മിയുടെ പാദച്ചുവടുകൾ

മാസത്തിന്റെ അവസാന ദിവസം. രാത്രി എട്ടു മണിയോടെ കട അടയ്ക്കുന്ന സമയത്ത് ചെരുപ്പ് കടയിൽ എത്തി ഒരു യുവാവ്. വൃത്തിയുള്ള വസ്ത്രവും കാലുകളിൽ ഷൂസും ധരിച്ചിരുന്നു അവൻ. 'വരൂ, വരൂ, എന്താ വേണ്ടത്?' എന്ന് ചോദിച്ചു കടയുടമ.

'ചേട്ടാ, എന്റെ അമ്മയ്ക്ക് ചെരുപ്പ് വാങ്ങാനാണ് വന്നത്. ഈട് നിൽക്കുന്ന നല്ല ചെരുപ്പ് നൽകൂ' എന്ന് പറഞ്ഞു അവൻ.

'അമ്മ വന്നിട്ടുണ്ടോ?'

'ഇല്ല ചേട്ടാ, അമ്മ അറിയാതെ സർപ്രൈസ് ആയി വാങ്ങി നൽകാനാണ്.'

'ശരി, അമ്മയുടെ കാൽ സൈസ് എത്രയാ?'

അവൻ തന്റെ പഴ്സ് തുറന്ന്, അതിൽ മടക്കി വച്ചിരുന്ന കടലാസ് എടുത്തു. അതിൽ തന്റെ അമ്മയുടെ പാദം കൃത്യമായി വരച്ചിട്ടുണ്ടായിരുന്നു.

'അനുജാ, ഞാൻ ചോദിച്ചത് ഇത് അല്ല. ചെരുപ്പിന്റെ അളവിന് ഒരു നമ്പർ ഉണ്ടായിരിക്കും, അത് പറയൂ.'

യുവാവ് അൽപം മടിച്ചു. ശേഷം പറഞ്ഞു, 'എന്റെ അമ്മ ഇതു വരെയും ചെരുപ്പ് ഇട്ടിട്ടേ ഇല്ല. അതു കൊണ്ട് സൈസ് അറിയില്ല.'

കടയുടമ അത്ഭുതപ്പെട്ടു. 'നീ എന്താ പറയുന്നത്, നിന്റെ അമ്മ എന്താണ് ചെയ്യുന്നത്?'

'അമ്മ അഞ്ച് വീടുകളിൽ ജോലിക്ക് പോകുന്നുണ്ട്. പാത്രം കഴുകലും തുണി അലക്കലും അടിച്ചുവാരലും ഒക്കെ ചെയ്യും. അതിൽ ലഭിക്കുന്ന വരുമാനം കൊണ്ട് എന്നെ വളർത്തി, പഠിപ്പിച്ചു. ഞാൻ ജോലിക്കു ചേർന്ന് ഇന്നാണ് ആദ്യത്തെ ശമ്പളം കൈയിൽ കിട്ടിയത്. അങ്ങനെയാണ് നാട്ടിൽ വന്നത്. അമ്മയ്ക്ക് ഒരു നല്ല സാരി പോലും ഇല്ല. നാല് സാരി വാങ്ങിയിട്ടുണ്ട്. ചെരുപ്പ് ഇല്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. അതിനാലാണ് അമ്മ അറിയാതെ വാങ്ങി നൽകാമെന്ന് കരുതിയത്...' എന്ന് പറഞ്ഞു.

'നിനക്ക് എത്ര ശമ്പളം ഉണ്ട്?'

'ഇരുപതിനായിരം. മുറി വാടക, ഭക്ഷണം, യാത്രക്കൂലി എന്നിവയ്ക്കൊക്കെയായി മാസം പതിനായിരം ചെലവാകും. ബാക്കി കൊണ്ടുവന്നിട്ടുണ്ട്. അമ്മയെ ഇനി വീട്ടു ജോലിക്ക് അയക്കാതെ നോക്കണം.' എന്ന് പറഞ്ഞു.

തന്റെ അമ്മയ്ക്ക് ആയിരം രൂപയിൽ നല്ല ചെരുപ്പ് വാങ്ങി അവൻ. 'വില കൂടുതലാണല്ലോ? കുഴപ്പമില്ലല്ലോ'എന്ന്ചോദിച്ചുകടയുടമ.'സാരമില്ല, അമ്മ ഇട്ടു കാണുമ്പോൾ സന്തോഷിക്കും.' എന്ന് പറഞ്ഞു അവൻ.

പണം നൽകിയ ശേഷം പുറപ്പെടുമ്പോൾ കടയുടമ വീണ്ടും വിളിച്ചു. മറ്റൊരു ജോഡി ചെരുപ്പ് എടുത്ത് നൽകി. 'ഇതും നിന്റെ അമ്മയ്ക്ക് നൽകൂ, നിന്റെ ജ്യേഷ്ഠനാണ് നൽകിയതെന്ന് കരുതിക്കോളൂ' എന്ന് പറഞ്ഞു.

ആദ്യം അവൻ മടിച്ചെങ്കിലും പിന്നീട് വാങ്ങി. 'നിന്റെ അമ്മയുടെ പേര് എന്താണ്?' എന്ന് ചോദിച്ചു കടയുടമ. 'ലക്ഷ്മി' എന്ന് പറഞ്ഞു അവൻ. 'നിന്റെ അമ്മയുടെ പാദം വരച്ച ഒരു പേപ്പർ കൊണ്ടുവന്നില്ലേ, അത് എനിക്ക് നൽകുമോ?' എന്ന് ചോദിച്ചു കടയുടമ. അവൻ അത് നൽകിയ ശേഷം മടങ്ങി.

അത് കണ്ണുകളിൽ ചേർത്തു വച്ച ശേഷം കടയിലെ പൂജാ മുറിയിൽ വച്ച്, 'മകനു വേണ്ടി തന്റെ ജീവിതം നൽകിയ ഭാഗ്യശാലിയായ ലക്ഷ്മിയുടെ പാദച്ചുവടുകളാണ് ഇത്. ഇതു വച്ച് പൂജിച്ചാൽ നമ്മുടെ വ്യാപാരം അഭിവൃദ്ധിപ്പെടും' എന്ന് തന്റെ മകനോട് പറഞ്ഞു അദ്ദേഹം. ●



# പരിഹാരം നൽകുന്ന സ്നേഹം

മാതാപിതാക്കളെ അനുസരിക്കാതെ മരത്തിൽ കയറി വീണ് പരിക്കേറ്റു ഒരു കുട്ടിക്ക്. അവനെ ആശുപത്രിയിൽ കൊണ്ടുപോയി ഭേദമാക്കി. വീട്ടിലേക്ക് പോകുന്ന സമയത്ത് അച്ഛനോട് കുട്ടി പറഞ്ഞു. 'അച്ഛാ, ഇവിടെയുള്ള എല്ലാവർക്കും എന്നോട് എന്ത് സ്നേഹമാണെന്നോ? എന്റെ ആരോഗ്യത്തെക്കുറിച്ച് സ്നേഹത്തോടെ ചോദിക്കും. എന്തു ചോദിച്ചാലും നൽകും. കൃത്യ സമയത്ത് ഭക്ഷണം നൽകും. എന്നാൽ അച്ഛനും അമ്മയും എന്നെ വഴക്കു പറയാറേ ഉള്ളൂ. എനിക്ക് വീട്ടിൽ വരാനേ ഇഷ്ടമില്ല.'

കുട്ടി ഇങ്ങനെ പറഞ്ഞു കൊണ്ടേയിരുന്നപ്പോൾ ഒരു അറ്റൻഡർ എത്തി ഒരു കടലാസ് അച്ഛനെ ഏൽപിച്ചു. കുട്ടി അതു കണ്ട്, 'ഇത് എന്താ?' എന്ന് ചോദിച്ചു. അച്ഛൻ ശാന്തമായി പറഞ്ഞു. 'നീ അവരുടെ സ്നേഹത്തെക്കുറിച്ച് പറഞ്ഞില്ലേ? അതിന്റെ വിലയാണ് ഇത്... ആശുപത്രി ബിൽ.'

ഇങ്ങനെയാണ് സ്നേഹവും കരുതലും പലരും തെറ്റായി മനസ്സിലാക്കുന്നത്. പുണ്യ നദി തേടിയെത്തി ധാരാളം പേർ കുളിക്കും. മറ്റു ചിലരോ അത് മലിനമാക്കും. ആര് എന്ത് ചെയ്താലും അതേക്കുറിച്ച്നദിവേവലാതിപ്പെടാറില്ല.ഒരിക്കലും നിലയ്ക്കാതെ എല്ലാവരേയും സ്നേഹത്തോടെ തഴുകി അത് ഒഴുകിക്കൊണ്ടേയിരിക്കും.

ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ ഭക്തർക്ക് നൽകിയ ദാനത്തിന്റെ ഒരു കഥയാണ് ഇത്... ഭഗവാന് ധനികനായ ഒരു ഭക്തൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് കാലിൽ എന്തോ അസുഖം ബാധിച്ച് നടക്കാൻ കഴിയാതെ പോയി. വീട്ടിൽ നിത്യവൃത്തികൾക്കു പോലും ആരെങ്കിലും എടുത്തു കൊണ്ടു പോകണം. അദ്ദേഹത്തിന് ഇത് വലിയ മനോവിഷമം ഉണ്ടാക്കി. 48 ദിവസം ഭഗവാനെ ധ്യാനിച്ചാൽ ഭേദമാകും എന്ന് ആരോ പരിഹാരം പറഞ്ഞു.

മറ്റൊരു ദരിദ്രനായ ഭക്തൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകൾക്ക് വിവാഹ പ്രായമായി. നല്ല ബന്ധം വന്നിട്ടുണ്ട്. പക്ഷേ വിവാഹ ചെലവിനോ ആഭരണം വാങ്ങാനോ കൈവശം പണം ഇല്ല. 48 ദിവസം ഭഗവാനെ ധ്യാനിച്ചാൽ, പ്രശ്നത്തിന് പരിഹാരം ഉണ്ടാകും എന്ന് ആരോ പറഞ്ഞു.

48-ആമത്തെ ദിവസം അതിരാവിലെ ധനികനായ ഭക്തന്റെ സ്വപ്നത്തിൽ ഭഗവാൻ ദർശനം നൽകി. 'ഒരു സഞ്ചി നിറയെ സ്വർണ നാണയം എടുക്കൂ. ക്ഷേത്രക്കുളക്കരയിൽ ആ സഞ്ചി വച്ച് എന്നെ ധ്യാനിച്ച് കുളത്തിൽ സ്നാനം ചെയ്ത് എഴുന്നേൽക്കൂ' എന്ന് അരുളി ചെയ്തു. ദരിദ്രനായ ഭക്തന്റെ സ്വപ്നത്തിലും ദർശനം നൽകിയ ഭഗവാൻ, 'ക്ഷേത്രക്കുളക്കരയിൽ ഒരു സഞ്ചി ഉണ്ടായിരിക്കും. അത് എടുത്ത് തിരിഞ്ഞു നോക്കാതെ ഓടണം.' എന്ന് പറഞ്ഞു.

രണ്ടും സംഭവിച്ചു. സ്വർണ നാണയം ഉണ്ടായിരുന്ന സഞ്ചി ആ ദരിദ്രനായ ഭക്തൻ എടുത്തു കൊണ്ട് ഓടുന്നതു കണ്ട ധനികൻ, കുളത്തിൽ നിന്ന് എഴുന്നേറ്റ് അദ്ദേഹത്തിന്റെ പിന്നാലെ ഓടാൻ തുടങ്ങി. പക്ഷേ തിരിഞ്ഞു നോക്കാതെ ഓടിയ അദ്ദേഹത്തെ പിടികൂടാൻ കഴിഞ്ഞില്ല. അപ്പോഴാണ് അദ്ദേഹത്തിന് സത്യം മനസ്സിലായത്. നടക്കാൻ പോലും കഴിയാതെ ഇരുന്നയാൾ, ദൈവത്തിന്റെ അനുഗ്രഹം കൊണ്ട് ഓടാൻ കഴിയുന്നത്ര സുഖംപ്രാപിച്ചു!

അങ്ങനെ രണ്ട് ഭക്തർക്കും പ്രാർത്ഥിച്ചത് ദാനമായി നൽകി ഭഗവാൻ.



# നിങ്ങളുടെ പ്രകൃതം എന്ത്?

രണ്ട് സന്ന്യാസികൾ നദിയിൽ കുളിച്ചുകൊണ്ടിരുന്നു. അപ്പോൾ നദിയിലെ വെള്ളത്തിൽ ഒരു തേൾ മുങ്ങിത്താഴുന്നതു കണ്ട ഒരു സന്ന്യാസി അതിനെ വെള്ളത്തോടെ കൈക്കുമ്പിളിൽ എടുത്ത് കരയിൽ വിടാൻ ശ്രമിച്ചു. മരണവെപ്രാളത്തിലായിരുന്ന അത് അദ്ദേഹത്തിന്റെ കൈയിൽ കുത്തി. വേദന സഹിക്കാനാവാതെ അദ്ദേഹം കൈ കുടഞ്ഞപ്പോൾ തേൾ വീണ്ടും നദിയിൽ വീണ് പിടയാൻ തുടങ്ങി. സന്ന്യാസി വീണ്ടും തേളിനെ പിടിച്ച് കരയിൽ വിടാൻ ശ്രമിച്ചപ്പോൾ അത് വീണ്ടും അദ്ദേഹത്തെ കുത്തി. എന്നിട്ടും അതിനെ ഭദ്രമായി കരയിൽ വിട്ടു.

ഒപ്പം ഉണ്ടായിരുന്ന സന്ന്യാസി അദ്ദേഹത്തെ നോക്കി ചിരിച്ചു കൊണ്ട്, 'തേൾ നിങ്ങളെ കുത്തിയിട്ടും അതിനെ രക്ഷപ്പെടുത്തിയത് എന്തിന്' എന്ന് ചോദിച്ചു. 'ആ തേളിന് ഞാൻ അതിനെ രക്ഷപ്പെടുത്താനാണ് പിടിക്കുന്നത് എന്ന് അറിയില്ല. അതിനാലാണ് കുത്തിയത്. കുത്തുന്നത് തേളിന്റെ സ്വഭാവം. എന്റെ സ്വഭാവം, രക്ഷപ്പെടുത്തുന്നത്. നിങ്ങളുടെ സ്വഭാവം എന്ത്?' എന്ന് ചോദിച്ചു ആദ്യത്തെ സന്ന്യാസി. സഹായം ലഭിക്കുന്നവർ എത്തരത്തിലുള്ളവരാണെങ്കിലും അവർക്ക് സഹായം ചെയ്യുന്നവരുടെ സ്വഭാവം എന്താകണം എന്ന് ബോധ്യപ്പെടുത്തുന്ന കഥ.

ഇത് മറ്റൊരു കഥ... ഒരു രാജാവ് കാട്ടിൽ ഒറ്റപ്പെട്ട് വഴിതെറ്റിപ്പോയി. ഒരു പുലി അദ്ദേഹത്തെ ആക്രമിക്കാൻ തുനിഞ്ഞപ്പോൾ ഒരു സന്ന്യാസി കുന്തമെറിഞ്ഞ് പുലിയെ കൊന്ന് അദ്ദേഹത്തെ രക്ഷപ്പെടുത്തി. കാട്ടിനരികിൽ അദ്ദേഹത്തിന് ഒരു ആശ്രമം ഉണ്ടായിരുന്നു.

തന്റെ ജീവൻ രക്ഷിച്ച സന്ന്യാസിയെ അതിനു ശേഷംരാജാവ്ഇടയ്ക്കിടെവന്ന്കാണുമായിരുന്നു. ആശ്രമത്തിൽ എത്തുമ്പോഴെല്ലാം, 'ഞാൻ താങ്കൾക്ക് എന്താണ് ചെയ്യേണ്ടത്, പറയൂ' എന്ന് സന്ന്യാസിയോട് ചോദിക്കും. അദ്ദേഹമാകട്ടെ, 'എനിക്ക് ദൈവം എല്ലാം നൽകിയിട്ടുണ്ട്. ഒന്നും ആവശ്യമില്ല' എന്ന് പുഞ്ചിരിയോടെ പറയും.

ഒരു തവണ സന്ന്യാസിയെ കാണാൻ എത്തിയ രാജാവ്, 'ഇന്ന് താങ്കൾ എന്റെ പക്കൽ നിന്ന് എന്തെങ്കിലും സ്വീകരിച്ചാലേ ഞാൻ തിരികെ കൊട്ടാരത്തിലേക്ക് പോകുകയുള്ളൂ' എന്ന്

പറഞ്ഞ ശേഷം സന്ന്യാസിയുടെ എതിർ ഭാഗത്ത് ഇരുന്നു. സന്ന്യാസി അദ്ദേഹത്തെ നോക്കി ചിരിച്ചു. 'ശരി, നീ എനിക്ക് എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിക്കുകയാണ്. അതു കൊണ്ട് ഒന്നു ചെയ്യൂ. ഈ ഈച്ചകൾ എന്നെ സ്വസ്ഥമായി ധ്യാനം ചെയ്യാൻ സമ്മതിക്കാതെ ശല്യപ്പെടുത്തുകയാണ്. ഇവ എന്റെ അരികിൽ വരാതെ നോക്കൂ' എന്ന് പറഞ്ഞു. രാജാവ് ഒരു വിശറി എടുത്ത് ഈച്ചകളെ തുരത്തി. പക്ഷേ, അവ അൽപ ദൂരം പോയ ശേഷം തിരികെ പഴയ സ്ഥാനത്തു തന്നെ വന്നിരുന്നു.

രാജാവിന് ദേഷ്യം വന്നു. 'ഞാൻ ഈ രാജ്യത്തിന്റെ രാജാവാണ്. എത്ര പണം ചോദിച്ചാലും എത്ര ഭൂമി ചോദിച്ചാലും എത്ര വലിയ ആശ്രമം വേണമെങ്കിലും നൽകും. ഇതൊന്നും ആവശ്യപ്പെടാതെ, വെറുതേ ഈച്ചയടിക്കാൻ പറഞ്ഞല്ലോ' എന്ന് മനസ്സിൽ പറഞ്ഞു.

അദ്ദേഹം ചിന്തിക്കുന്നത് മനസ്സിലാക്കിയ സന്ന്യാസി കണ്ണു തുറന്ന് രാജാവിനെ നോക്കി പുഞ്ചിരിച്ചു. 'ഇതാണ് താങ്കളുടെ പ്രശ്നം! ഹൃദയം സഹായം ചെയ്യാൻ ശ്രമിക്കുന്നു. പക്ഷേ മനസ്സിൽ അഹങ്കാരം നിറഞ്ഞിരിക്കുന്നു. അത് അടക്കാനാണ് ഇക്കാര്യം ചെയ്യാൻ ആവശ്യപ്പെട്ടത്.

സഹായം ചെയ്യുമ്പോൾ അഹങ്കാരം ഉണ്ടാകരുത്. 'ഈ സഹായം ചെയ്യാനുള്ള അവസരം ലഭിച്ചിരിക്കുന്നു' എന്ന ചിന്തയോടെ ചെയ്യണം' എന്ന് പറഞ്ഞു സന്ന്യാസി. നൽകുന്നവർക്ക് ഉണ്ടായിരിക്കേണ്ട മാനസികാവസ്ഥ രാജാവിന് മനസ്സിലായി.

സഹായം ചെയ്യുന്ന മാനസികാവസ്ഥ എങ്ങനെ ഉണ്ടാകുന്നു എന്നത് വ്യക്തമാക്കുന്ന ഒരു യഥാർത്ഥ സംഭവം... മഞ്ഞു പൊഴിയുന്ന ഒരു രാജ്യത്തിൽ ഒരു പ്രൈമറി സ്കൂൾ ഉണ്ടായിരുന്നു. ആ സ്കൂൾ ഗേറ്റിൽ ഒരു ദിവസം പത്ത് കമ്പിളി കോട്ടുകൾ തൂക്കിയിട്ടിരുന്നു. ആ പ്രദേശത്ത് ശൈത്യകാലത്ത് മഞ്ഞു വീഴ്ച അധികരിക്കും. കോട്ട് ധരിക്കാതെ പുറത്തു പോയി മരണപ്പെട്ടവരും ഉണ്ട്. അതിനാൽ, ദരിദ്രർ പോലും എങ്ങനെയെങ്കിലും ഒരു കോട്ട് വാങ്ങും.

അത്തരത്തിൽ ഉള്ള പ്രദേശത്തെ സ്കൂളിൽ കമ്പിളി കോട്ടുകൾ കണ്ടാൽ അമ്പരക്കില്ലേ? അടുത്ത ആഴ്ചയും പത്ത് കോട്ടുകൾ കണ്ടു. ഇങ്ങനെ ആ സ്കൂളിലെ എല്ലാവർക്കും കോട്ടുകൾ ലഭിച്ചതും, ബസ്സ്റ്റാൻഡിന് അരികിൽ കോട്ടുകൾ പ്രത്യക്ഷപ്പെട്ടു; അടുത്ത ആഴ്ച ആശുപത്രിയിൽ.

സംഭവം സംസാരവിഷയമായി. ഒരു പൊലീസ് ഉദ്യോഗസ്ഥൻ സിസിടിവി ദൃശ്യങ്ങളിലൂടെ കോട്ടുകൾ വയ്ക്കുന്ന വ്യക്തിയെ കണ്ടുപിടിച്ചു. അദ്ദേഹം ധനികനൊന്നും ആയിരുന്നില്ല. 50 വയസ്സുള്ള ഒരു സാധാരണ ബിസിനസുകാരൻ.




'ഒരു രാത്രിയിൽ എന്റെ മകൻ വീടു വിട്ട് പോയി. കോട്ട് ധരിക്കാതെയാണ് പോയത്. ആരോടെങ്കിലും സഹായം ചോദിക്കാൻ അഭിമാനം അവനെ അനുവദിച്ചില്ല, അങ്ങനെ മഞ്ഞിൽ ഉറഞ്ഞ് മരിച്ചു. അവനു വേണ്ടി അടച്ചിരുന്ന ഇൻഷുറൻസ് ലഭിച്ചു. അതിൽ കോട്ടുകൾ വാങ്ങി വിതരണം ചെയ്യുന്നു. എന്റെ മകനെപ്പോലെ ആരും കോട്ട് വാങ്ങാതിരിക്കരുത്. അതിനാലാണ് മുഖം കാണിക്കാതെ കൊടുക്കുന്നത്' എന്നു പറഞ്ഞു അദ്ദേഹം.

വാങ്ങുന്നവർക്ക് അഭിമാനക്ഷതം ഏൽക്കാത്ത വിധം സഹായം ചെയ്യണം എന്നത് സാധാരണ രീതിയിൽ ബോധ്യപ്പെടുത്തി അദ്ദേഹം. ●



# ഭക്ഷണം ബോധ്യപ്പെടുത്തുന്ന ദാനം

ഒറ്റയ്ക്ക്ഒരുമുറിഎടുത്ത്ഐഎഎസ്പരീക്ഷാ കോച്ചിങ് ക്ലാസിൽ പൊയ്ക്കൊണ്ടിരിക്കുകയാണ് റാം. പതിവായി വഴിയിൽ ഒരു മെസിൽ പ്രാതൽ കഴിച്ച് ക്ലാസിൽ പോകും. തിരിച്ചു വരാൻ രാത്രിയാകും.ചിലനാളുകളായികഴിക്കുന്നതിനാൽ, മെസ് ഉടമയുമായി ഒരളവിൽ പരിചയത്തിലായി.

ഇന്നലെ വൈകിയതിനാൽ തിടുക്കപ്പെട്ട് പുറപ്പെട്ടു. മെസിൽ എത്തി ദോശ വാങ്ങിക്കഴിച്ച ശേഷം പോക്കറ്റിൽ കൈയിട്ടപ്പോഴാണ് കാര്യം മനസ്സിലായത്. പുതിയതായി ധരിച്ച വസ്ത്രത്തിൽ പഴ്സ് എടുത്തു വയ്ക്കാൻ മറന്നു. സെൽഫോണിന്റെ പിൻഭാഗത്തെ അറയിൽ തപ്പി നോക്കി. ചില്ലറ നോട്ടുകൾ അതിലാണ് സാധാരണ വയ്ക്കാറുള്ളത്. അവിടെയും പണം ഇല്ല.

അവന്റെ മുഖം ശ്രദ്ധിച്ച മെസ് ഉടമ, 'എന്തു പറ്റി? ചട്ണി, സാമ്പാർ എന്തെങ്കിലും വേണോ?' എന്ന് ചോദിച്ചു. അവൻ മടിച്ചു മടിച്ച്, 'അതല്ല ചേട്ടാ, പുറപ്പെടുന്ന തിരക്കിൽ പഴ്സ് എടുക്കാൻ മറന്നു. പണം ഇല്ല, ഇന്ന് കഴിച്ച ദോശയ്ക്ക് നാളെ പണം നൽകിയാൽ മതിയോ?' എന്ന് ചോദിച്ചു. അദ്ദേഹം ചിരിച്ചു കൊണ്ട്, 'സാരമില്ല, ഇന്ന് നീ കഴിക്കുന്നത് എന്റെ ട്രീറ്റ് ആണെന്ന് കരുതിയാൽ മതി' എന്ന് പറഞ്ഞു. അവന് അപ്പോഴാണ് ശ്വാസം വീണത്. പണം ഇല്ലാതെ കഴിക്കുന്നതിനാൽ നാണക്കേട് തോന്നരുത് എന്നു കരുതി പതിവിനേക്കാൾ അന്ന് റാമിനെ അൽപം കൂടുതലായി അദ്ദേഹം ഉപചരിച്ചു.

ഇന്ന് എത്തിയതും റാം ഇന്നലത്തെ ദോശയ്ക്കും ചേർത്ത് പണം നൽകി. 'ഇത് എന്തിനാ? ഞാൻ ഇന്നലെയേ അത് എന്റെ ട്രീറ്റ് ആണെന്ന് പറഞ്ഞില്ലേ. അതിന് എന്തിന് പണം നൽകുന്നത്?' എന്ന് പറഞ്ഞ് പകുതി പണം തിരികെ അവന്റെ പോക്കറ്റിൽ വച്ചു മെസ് ഉടമ. അദ്ദേഹം വിളമ്പി നൽകിയ വിഭവങ്ങൾക്ക് പതിവിനേക്കാൾ രുചി തോന്നി.

ഓഫീസ് കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയാണ് കൃഷ്ണൻ. വീട്ടിൽ എല്ലാവരും നാട്ടിൽ പോയിരിക്കുന്നതിനാൽ പുറത്തു നിന്ന് ഭക്ഷണം കഴിക്കണം. വീട്ടിലേക്ക് വരുന്ന വഴിയിൽ ഒരു ചെറിയ ഹോട്ടൽ ഉണ്ട്. ഒരു ദമ്പതികൾ നടത്തുന്ന ആ കടയിൽ ഭക്ഷണത്തിന് വൃത്തിയും രുചിയും

ഉണ്ട് എന്നതിനാൽ വീട്ടിൽ ആരും ഇല്ലാത്ത ദിവസങ്ങളിൽ അവിടെ നിന്ന് കഴിക്കുന്നതാണ് പതിവ്. ചില സമയങ്ങളിൽ വീട്ടിലേക്കും അവിടെ നിന്ന് പാഴ്സൽ വാങ്ങാറുണ്ട്.

ഇന്ന് കൃഷ്ണൻ അവിടെ ഭക്ഷണം കഴിക്കാൻ പോയി. പതിവിനേക്കാൾ തിരക്കുണ്ട്. ദമ്പതികൾ ഭക്ഷണം വിളമ്പി നൽകുന്ന തിരക്കിലായിരുന്നു. കൃഷ്ണൻ ദോശ വാങ്ങി കഴിക്കാൻ തുടങ്ങിയപ്പോൾ, അൽപം മാറി നിൽക്കുന്ന ഒരു സ്ത്രീയെ ശ്രദ്ധിച്ചു. തോളിൽ ഒരു കുഞ്ഞ് ഉറങ്ങുന്നു. വിശന്നിരിക്കുന്ന അവർ മടിച്ചു മടിച്ച് ചിലരോട് തന്റെ വയറിൽ തൊട്ടു കാട്ടി ഭിക്ഷ യാചിക്കുകയാണെന്ന് മനസ്സിലായി. ഹോട്ടലിൽ ഭക്ഷണം കഴിക്കുന്നവരെ ദയനീയമായി നോക്കുന്നുണ്ട്.

ആ തിരക്കിനിടയിലും ആ സ്ത്രീയെ ശ്രദ്ധിച്ച കടയുടമ, പെട്ടെന്ന് കുറച്ച് ഇഡ്ഡലി പാഴ്സൽ കെട്ടി അവൾക്ക് കൊണ്ടു നൽകി. കൃഷ്ണൻ ഭക്ഷണം കഴിച്ചു കഴിഞ്ഞതും, 'ആ സ്ത്രീക്ക് താങ്കൾ നൽകിയ ഇഡ്ഡലിക്കും ചേർത്ത് പണം നൽകാം' എന്ന് പറഞ്ഞു. കടയുടമ അത് നിരസിച്ച് ചിരിച്ചു കൊണ്ട്, ഹോട്ടലിൽ ഇരിക്കുകയായിരുന്ന തന്റെ കുട്ടികളെ ചൂണ്ടിക്കാട്ടി. 'അവർ ഇവിടെ വന്ന് കച്ചവടത്തിനോടൊപ്പം, ഇത്തരത്തിലുള്ള നല്ല കാര്യങ്ങളും ഞങ്ങളെ കണ്ട് പഠിക്കണം സർ. അപ്പോഴേ നന്നായി വളരൂ' എന്ന് പറഞ്ഞു.

ദരിദ്രമായ കുടുംബത്തിൽ ജനിച്ച്, അച്ഛനെ നഷ്ടപ്പെട്ട്, അമ്മയുടെ കഷ്ടപ്പാടിൽ തട്ടിത്തടഞ്ഞ് പഠിച്ച് കോളെജ് വരെ എത്തി ഹരി. കോളെജിൽ പോകുന്ന മിക്ക ദിവസങ്ങളിലും ഉച്ച ഭക്ഷണത്തിന് പണം ഉണ്ടാകില്ല. വിശപ്പോടെ വൈകുന്നേരം വീട്ടിലേക്ക് മടങ്ങും. വീട്ടിൽ എന്തെങ്കിലും ഉണ്ടെങ്കിൽ കഴിക്കും. ഇല്ലെങ്കിൽ അത്താഴം മാത്രമായിരിക്കും ഭക്ഷണം.

കോളെജിൽ പഠിക്കുമ്പോൾ തന്നെ അവൻ പകുതി സമയം ട്യൂഷൻ എടുത്ത് സമ്പാദിച്ച് വീട്ടിൽ നൽകും. കോച്ചിങ് സെന്ററിൽ ട്യൂഷൻ എടുക്കാൻ ഒരു ബജിക്കട കടന്നാണ് പോകുന്നത്. വിശപ്പോടെ ഇരിക്കുന്ന ദിവസങ്ങളിൽ അവിടെ നിന്ന് ബജി കഴിക്കാൻ തോന്നും. കൈവശം പണം ഉണ്ടാകില്ല. നിരാശയോടെ കടന്നു പോകും.

ഒരു ദിവസം കോച്ചിങ് സെന്ററിൽ നിന്ന് ശമ്പളം വാങ്ങി വരുമ്പോൾ അവന് ആഗ്രഹം തോന്നി. അതിൽ നിന്ന് 20 രൂപ എടുത്ത് ബജി കഴിച്ച ശേഷം അമ്മയോട് പറയാം എന്ന് ചിന്തിച്ച് ബജി കഴിച്ചു. പക്ഷേ, പണം കുറഞ്ഞാൽ അമ്മയുടെ കണ്ണ് നിറഞ്ഞാലോ എന്ന് ഭയന്നു. കടയിൽ നല്ല തിരക്കായിരുന്നതിനാൽ, കടയുടമ അവനെ ശ്രദ്ധിച്ചില്ല. അൽപ നേരം അവിടെ ചുറ്റിപ്പറ്റി നിന്ന ശേഷം പണം നൽകാതെ മുങ്ങി. എപ്പോഴും തിരക്കേറിയ ആ കടയിൽ അതിനു ശേഷം വിശപ്പുള്ള പല ദിവസങ്ങളിലും അവൻ ഇങ്ങനെ കഴിക്കുന്നത് പതിവായി. കടയുടമയും ആൾക്കാർ നൽകുന്ന പണം വാങ്ങി മേശയ്ക്കുള്ളിൽ ഇടുന്നതല്ലാതെ ആരെയും ശ്രദ്ധിക്കുകയോ പണം കേൾക്കുകയോ ചെയ്യാറില്ല.



വർഷങ്ങൾ കടന്നു പോയി. ഇപ്പോൾ ഹരി ഒരു ഐടി സ്ഥാപനത്തിൽ നല്ല ജോലിയിൽ ചേർന്നു. ആദ്യത്തെ ശമ്പളം വാങ്ങിയതും സ്വന്തം നാട്ടിലെത്തി. വരുന്ന വഴി ബജിക്കടയിൽ പോയി ബജി കഴിച്ചു. 500 രൂപ കടയുടമയ്ക്ക് നൽകി. 'രണ്ട് ബജി കഴിച്ചിട്ട് 500 രൂപ നൽകിയാൽ എന്തു ചെയ്യും?' എന്ന് കടയുടമ ചോദിച്ചപ്പോൾ, 'ബാക്കി പിന്നീട് വാങ്ങാം' എന്നു പറഞ്ഞ് പുറപ്പെട്ടു ഹരി.

അത് അവൻ ചോദിക്കാനും പോകുന്നില്ല. നാട്ടിൽ എത്തുമ്പോഴെല്ലാം ഇത്തരത്തിൽ ചെയ്യുകയും ചെയ്യും. ചില കടങ്ങൾ വൈകി ആയിരിക്കും വീട്ടപ്പെടുക. ●



## സഹായം ചെയ്യാത്ത ജീവിതത്തിന് അർത്ഥമില്ല

'പ്രാങ്ക് വീഡിയോ' എന്ന് ചിലർ പറയും. അകലെ ക്യാമറ ഒളിപ്പിച്ചു വച്ച് ആരോടെങ്കിലും തമാശ കാണിച്ച് രംഗം പകർത്തുന്ന ഒരു പ്രവർത്തിയാണ് ഇത്. അമേരിക്കയിൽ റൈസ്മാൻ എന്ന യൂട്യൂബർ നല്ല കാര്യങ്ങൾക്കായി പ്രാങ്ക് വീഡിയോകൾ എടുക്കാറുണ്ട്; ഒരാൾക്കുള്ളിലുള്ള മനുഷ്യത്വത്തെ പരീക്ഷിക്കുന്നവ.

നഗരത്തിലെ തിരക്കേറിയ ഒരു സിഗ്നലിൽ ഒരാൾ 'ഞാൻ വീടില്ലാത്ത ഒരു മുൻ സൈനികനാണ്. സഹായം ചെയ്യണം' എന്ന ഒരു ബോർഡ് പിടിച്ച് നിൽക്കുന്നു. അദ്ദേഹത്തിന് പണം നൽകിയ ശേഷം റൈസ്മാൻ, 'എന്റെ സഹോദരനെ കാണാനില്ല. കണ്ടാൽ അറിയിക്കണേ' എന്ന് ഒരു ഫോട്ടോ സഹിതം നൽകി പോയി.

അത് അൽപനേരം അത് നോക്കിയ ശേഷം തനിക്ക് സഹായം ആവശ്യപ്പെടാതെ ആ കാണ്മാനില്ല പേപ്പർ ഉയർത്തി കാണിക്കാൻ ആരംഭിച്ചു. ഇത് ഒളിച്ചു നിന്ന് നിരീക്ഷിച്ച റൈസ്മാൻ,തിരികെ വന്ന് കാരണം ചോദിച്ചു. 'നിങ്ങൾ സഹോദരനെ കാണ്മാനില്ല എന്ന് പറഞ്ഞ് വേദനിക്കുന്നു. നിങ്ങൾക്ക് സഹായം ചെയ്തില്ലെങ്കിൽ, ഈ ജീവിതത്തിന് എന്ത് അർത്ഥം?' എന്ന് ചോദിച്ചു ആ മനുഷ്യൻ.

തന്റെ പരീക്ഷണത്തെക്കുറിച്ച് പറഞ്ഞ റൈസ്മാൻ സൈനികന് സമ്മാനം നൽകി.

## ഇതും ദാനമാണ്

സ്കൂളിന് അരികിൽ ചായക്കട ഇട്ടിരുന്നു ഒരു വൃദ്ധ. വീട്ടിൽ പാചകം ചെയ്യാത്തപ്പോൾ ചില കുട്ടികൾ അവിടെ വന്ന് ഭക്ഷണം കഴിച്ച് സ്കൂളിൽ പോകും. ഒരു ദിവസം ആ വഴിക്ക് ഹെഡ് മാസ്റ്റർ വന്നപ്പോൾ രണ്ട് പെൺകുട്ടികളെ ആ വൃദ്ധ ജോലി ചെയ്യിപ്പക്കുന്നത് ശ്രദ്ധിച്ചു. ഒരു പെൺകുട്ടി വെള്ളം പിടിച്ച് ഒഴിക്കുന്നു, മറ്റൊരു പെൺകുട്ടി പാത്രങ്ങൾ കഴുകി വയ്ക്കുന്നു.

ഉടനേ ഹെഡ് മാസ്റ്റർ, 'എന്താ, ഞങ്ങളുടെ സ്കൂളിലെ കുട്ടികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുകയാണോ? കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് കുറ്റമാണെന്ന് അറിയില്ലേ?' എന്ന് വൃദ്ധയോട് കയർത്തു.

അദ്ദേഹത്തെ ഒറ്റയ്ക്ക് കൂട്ടിക്കൊണ്ടു പോയ വൃദ്ധ, 'തെറ്റിദ്ധരിക്കരുത് സർ. ആ കുട്ടികൾ രണ്ടു പേരും പാവപ്പെട്ടവരാണ്. വീട്ടിൽ ഭക്ഷണത്തിന് വഴിയില്ല, പണവും ഇല്ല. ദിവസവും ഞാനാണ് ഇഡ്ഡലി നൽകുന്നത്. സൗജന്യമായി നൽകിയാൽ നന്നായിരിക്കില്ല. അധ്വാനിച്ചാലേ എന്തും ലഭിക്കൂ എന്ന് അവർക്ക് മനസ്സിലാകണം. അതിനാലാണ് ഇത്തരത്തിൽ ചെറിയ ചെറിയ ജോലി ചെയ്യിപ്പിച്ച ശേഷം, 'നിങ്ങൾ ചെയ്ത ജോലിക്ക് ഭക്ഷണം കഴിച്ചിട്ട് പോയാൽ മതി' എന്ന് പറയും. അവരും നാണിക്കാതെ കഴിക്കും' എന്ന് പറഞ്ഞു.

'ഞങ്ങൾ പുസ്തകം കൊണ്ട് പാഠം പഠിപ്പിക്കുന്നു. നിങ്ങൾ ജീവിത പാഠം പഠിപ്പിച്ചു നൽകുന്നു' എന്ന് പറഞ്ഞ് വൃദ്ധയെ വണങ്ങി നടന്നകന്നു ഹെഡ് മാസ്റ്റർ.



## നമുക്ക് തിരിച്ചു കിട്ടും

ജീവനില്ലാത്ത വസ്തുക്കൾ പോലും ദാനം നൽകാറുണ്ട്. മരം നിഴൽ നൽകും. പുല്ലാങ്കുഴൽ സംഗീതത്തിന് ഉയിർ നൽകി സഹായിക്കും. ഏണി പോലും ഉയരത്തിലെത്തിക്കാൻ സഹായിക്കും. സൂക്ഷ്മമായി നിരീക്ഷിച്ചാൽ, എല്ലാം സഹായിക്കുന്നവയാണെന്ന് മനസ്സിലാകും. അതിനാൽ സഹായം ചെയ്യണം. മറ്റുള്ളവർക്ക് സഹായം ചെയ്താൽ പിന്നീട് അത് നമുക്ക് തന്നെ തിരികെ ലഭിക്കും. ഇതാണ് പ്രപഞ്ച സത്യം.



## ഉന്നതമായ ചിന്ത

ഉമ്മറത്ത് ആരോ ഭിക്ഷ കേട്ടതും ഒരു സ്ത്രീ പുറത്തേക്കു വന്നു. തെരുവിൽ കളിച്ചു കൊണ്ടിരുന്ന തന്റെ മകളെ വിളിച്ച് അവളുടെ കൈകൾ കൊണ്ട് അരി ദാനം ചെയ്യാൻ പറഞ്ഞു. അടുത്ത വീട്ടിലെ സ്ത്രീയും അത് കണ്ട് അങ്ങനെ തന്നെ തന്റെ മകളുടെ കൈകൾ കൊണ്ട് ദാനം ചെയ്തു.

കാലങ്ങൾ കടന്നു പോയി. ആ രണ്ട് സ്ത്രീകളും മരിച്ച് സ്വർഗം പുൽകി. ഒന്നാമത്തെ അമ്മയ്ക്ക് ഉയർന്ന സ്ഥാനവും രണ്ടാമത്തെ അമ്മയ്ക്ക് ഏറ്റവും താഴെയുള്ള സ്ഥാനവും ലഭിച്ചു. 'ഇരുവരും ചെയ്തത് ഒരേ പ്രവർത്തി. എന്തിന് ഈ പക്ഷഭേദം?' എന്ന് ദൈവത്തിനോട് ചോദിച്ചു.

'രണ്ടു പേരുടെയും പ്രവർത്തികൾ ഒന്നു തന്നെ. പക്ഷേ, ചിന്തകൾ വ്യത്യസ്തമായിരുന്നു. തനിക്ക് ശേഷം തന്റെ കുട്ടിയും ഈ ദാനം തുടരണം എന്ന് ഒരാളും നിന്റെ കൈകൾ കൊണ്ടായാൽ കൂടുതലായിപ്പോകും എന്ന് നീയും ചിന്തിച്ചു. ചെയ്തത് ദാനം എന്നതിനാൽ നിനക്ക് സ്വർഗം ലഭിച്ചു. പക്ഷേ, സ്വാർത്ഥത കൊണ്ടാണ് താഴെ ആയത്' ദൈവം പറഞ്ഞു.



ഉയർന്ന ചിന്തകളോടെ ഉന്നതമായി സഹായം ചെയ്യാം.

## ഇങ്ങനെയും ദാനം നൽകാം

ഗുജറാത്തിലെ മെഹ്സാന നഗരത്തിൽ ഖിംജിഭായ് പ്രജാപതിയെ അറിയാത്തവർ ആരുമുണ്ടാകില്ല. അതിന്



അദ്ദേഹം രാഷ്ട്രീയക്കാരനോ സർക്കാർ ഉദ്യോഗസ്ഥനോ വലിയ ധനികനോ അല്ല. ആ പരിസരത്ത് ഉള്ള ക്ഷേത്ര കവാടങ്ങളിൽ ഇരുന്ന് ഭിക്ഷയെടുത്ത് ജീവിക്കുന്ന വ്യക്തിയാണ്. എന്നിട്ടും അദ്ദേഹം എങ്ങനെ പ്രശസ്തനായി?

അവിടെ ദരിദ്ര കുടുംബങ്ങളിൽ പെൺകുട്ടികൾ പഠിക്കാൻ പോകുന്നത് കുറവാണ്. അവരെ പഠിക്കാൻ പ്രോത്സാഹിപ്പിക്കുന്നത് തന്റെ ജീവിത വ്രതമാക്കി മാറ്റി ഖിംജിഭായ്. വർഷം മുഴുവനും ഭിക്ഷയെടുത്ത് ചേർത്തു വയ്ക്കുന്ന പണം എടുത്തു കൊണ്ട് ഒരു സ്കൂളിലേക്ക് പോകും. അവിടെ പഠിക്കുന്ന പെൺകുട്ടികൾക്ക് പുസ്തകങ്ങളും നോട്ട് ബുക്കുകളും പേനകളും പെൻസിലുകളും വസ്ത്രങ്ങളുമെല്ലാം വാങ്ങി നൽകും.

ഒരിക്കൽ അദ്ദേഹത്തിന്റെ പക്കൽ കൂടുതൽ പണം വന്നു ചേർന്നു. ഉടനേ ആ സ്കൂളിലെ ഏറ്റവും ദരിദ്ര കുടുംബങ്ങളിൽ പെട്ട 10 പെൺകുട്ടികൾക്ക് സ്വർണക്കമ്മൽ വാങ്ങി നൽകി. തനിക്കു വേണ്ടി ഒരു പൈസ പോലും ചേർത്തു വയ്ക്കാതെ പെൺകുട്ടികൾക്ക് ദാനം ചെയ്ത ഖിംജിഭായ് അഞ്ചു വർഷങ്ങൾക്കു മുമ്പ് മരിച്ചപ്പോൾ, ആ നാട് മുഴുവനും കണ്ണീർ അഞ്ജലി ചെലുത്തി. ●



# വിദ്യാദാനം

മനുഷ്യരുടെ കഷ്ടപ്പാടുകൾ കണ്ട് മനസ്സലിഞ്ഞ് അക്കാലത്തെ പ്രഭുക്കന്മാർ കരുണയോടെ നൽകിയ ദാനങ്ങളെക്കുറിച്ച് പഴയ സാഹിത്യ രചനകളിൽ വർണ്ണനകൾ ഉണ്ട്. ഇക്കാലത്തും ജീവകാരുണ്യ പ്രവർത്തകർ ധാരാളമുണ്ട്. തങ്ങളുടെ കഠിനാധ്വാനത്തിലൂടെ സമ്പാദിച്ച വലിയ സമ്പത്തിന്റെ ഒരു ഭാഗം ധർമ്മ സ്ഥാപനങ്ങൾക്ക് നൽകി, സാധാരണക്കാർക്ക് സഹായം ചെയ്യുന്ന എല്ലാ സംരംഭകരും ജീവകാരുണ്യ പ്രവർത്തകർ തന്നെ.

ഇന്ത്യയിൽ ഇത്തരത്തിൽ നൂറു കണക്കിന് ജീവകാരുണ്യ പ്രവർത്തകരെ ഉദാഹരണമായി കാണിക്കാൻ കഴിയും. വിദ്യാഭ്യാസം ഇന്ന് ഒരു കുടുംബത്തെയും ഒരു തലമുറയെയും ഉയർത്തുന്ന ഏണിയാണ്. അത്തരത്തിലുള്ള വിദ്യാഭ്യാസത്തിനുള്ള അവസരം എല്ലാവർക്കും ലഭിക്കാനായി പലരും അഹോരാത്രം കഷ്ടപ്പെടുന്നുണ്ട്. ഉദാഹരണത്തിന്, കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യൻ ബിസിനസുകാർ നൽകിയ സംഭാവന 10,380 കോടി രൂപയാണ്. ഇതിൽ നേർ പകുതി 10 ബിസിനസുകാർ മാത്രം നൽകിയതാണ്. ഇത്രയും



സംഭാവന നൽകിയ ബിസിനസുകാരിൽ പലരും തങ്ങളുടെ പണം ഭൂരിഭാഗവും വിദ്യാഭ്യാസത്തിന് ഉപയോഗപ്പെടുത്താനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇവരിൽ ചിലർ വിദ്യാഭ്യാസ സ്ഥാപനങ്ങളും നടത്തുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്.

ഇതേ പോലെ ലോക പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും അഭിമാനിക്കാവുന്ന കഥകൾ ഉണ്ട്. അന്താരാഷ്ട്ര പ്രശസതമാണ് അമേരിക്കയിലെ ഹാർവാർഡ് സർവകലാശാല. ഒരു ദിവസം അവിടെ മധ്യവയസ്കരായ ദമ്പതികൾ വന്നിരുന്നു. സർവകലാശാലാ ഡയറക്ടറെ കാണണമെന്ന് ആവശ്യപ്പെട്ടു. ലളിതമായ വസ്ത്രങ്ങൾ ധരിച്ച് വളരെ സാധാരണക്കാരായി കാണപ്പെട്ട അവരെ കണ്ട് റിസപ്ഷനിസ്റ്റ്, ഇവർ ഏതോ അഡ്മിഷൻ അപേക്ഷയുമായി എത്തിയതാണെന്നു കരുതി, 'അദ്ദേഹം തിരക്കിലാണ്, ഇപ്പോൾ കാണാൻ പറ്റില്ല' എന്ന് പറഞ്ഞു.

'സാരമില്ല, ഞങ്ങൾ കാത്തിരിക്കാം' എന്ന് പറഞ്ഞ് അവിടെ ഉണ്ടായിരുന്ന ബെഞ്ചിൽ അവർ ഇരുന്നു. രണ്ടു മണിക്കൂർ ആയി, അവർ അനങ്ങിയില്ല. ഡയറക്ടറുടെ മുറിയിലേക്ക് പോയ റിസപ്ഷനിസ്റ്റ്, 'അവർ താങ്കളെ കാണാതെ പോകില്ലെന്ന് തോന്നുന്നു' എന്ന് പറഞ്ഞു. ഡയറക്ടർ മനസ്സില്ലാ മനസ്സോടെ അവരെ ഉള്ളിലേക്ക് വിളിച്ചു.

ഉള്ളിൽ എത്തിയതും ആ ദമ്പതികൾ പതിഞ്ഞ സ്വരത്തിൽ, 'ഞങ്ങളുടെ മകൻ ചെറിയ പ്രായത്തിൽ മരിച്ചു പോയി. അവന്റെ ഓർമ്മയ്ക്കായി എന്തെങ്കിലും ചെയ്യണമെന്ന്

ആഗ്രഹമുണ്ട്' എന്ന് പറഞ്ഞു. ഡയറക്ടർ കളിയാക്കിക്കൊണ്ട്, 'ഓരോരുത്തർക്കും ഇവിടെ സ്മാരകം പണിതാൽ, ഇത് ശ്മശാനം ആകും' എന്ന് പറഞ്ഞു.

'ഇല്ല, ഞങ്ങൾ സ്മാരകമോ പ്രതിമയോ പണിയാൻ പറയുന്നില്ല. ഹാർവാർഡ് സർവകലാശാലയിൽ ഞങ്ങളുടെ മകന്റെ സ്മരണയ്ക്കായി ഒരു കെട്ടിടം പണിതു നൽകാൻ ആഗ്രഹിക്കുകയാണ്.'

'അതിന് എത്ര ചെലവാകും എന്ന് അറിയാമോ? ഇവിടെ ഇപ്പോഴുള്ള ഞങ്ങളുടെ കെട്ടിടങ്ങൾ പൂർത്തിയാക്കാൻ 70 ലക്ഷം ഡോളർ ചെലവായി' എന്ന് ഡയറക്ടർ അൽപം ഉച്ചത്തിൽ പറഞ്ഞു.

ഇപ്പോൾ ആ ദമ്പതികൾ പരസ്പരം നോക്കി. 'എന്ത്, ഒരു സർവകലാശാല കെട്ടി പൂർത്തിയാക്കാൻ 70 ലക്ഷം ഡോളർ മാത്രമേ വേണ്ടൂ? അങ്ങനെയെങ്കിൽ ഞങ്ങൾ സ്വന്തമായി ഒരു സർവകലാശാല പണിയാം' എന്ന് പറഞ്ഞ് അവർ എഴുന്നേറ്റു. ആ നിമിഷം ആ ഡയറക്ടർ മരവിച്ച് ഇരുന്നു പോയി.

ആ ദമ്പതികളായ ലേലൻഡ് സ്റ്റാൻഫോർഡ്-ജേൻ സ്റ്റാൻഫോർഡ് എന്നിവർ രൂപപ്പെടുത്തിയതാണ് പ്രശസ്തമായ സ്റ്റാൻഫോർഡ് സർവകലാശാല. നോബൽ സമ്മാന ജേതാക്കളായ 50 ശാസ്ത്രപ്രതിഭകളെയും ലോകത്ത് 74 ബില്യണയർമാരെയും സൃഷ്ടിച്ച കോളെജ് ക്യാമ്പസ്.

അമേരിക്കയിലെ വിദ്യാഭ്യാസ വിചക്ഷണരിൽ മറക്കാൻ കഴിയാത്ത വ്യക്തിത്വമാണ് ആൻഡ്രൂ കാർണെഗി. അമേരിക്കയുടെ ചരിത്രത്തിൽ ഏറ്റവും വലിയ സമ്പന്നനായി അറിയപ്പെട്ട വ്യക്തി. ഇരുമ്പ് വ്യവസായത്തിൽ നിരവധി കോടി മില്യണുകൾ സമ്പാദിച്ച അദ്ദേഹം, തന്റെ അവസാന കാലം മുഴുവനും സംഭാവനകൾ നൽകിക്കൊണ്ടേയിരുന്നു. 'വലിയ സമ്പന്നർ എല്ലാവരും സമൂഹ നന്മയ്ക്കായി തങ്ങളുടെ സ്വത്തുക്കൾ ചെലവഴിക്കണം' എന്ന് പ്രഖ്യാപിച്ചു അദ്ദേഹം. ലോകം മുഴുവനും ഏകദേശം 3000 ലൈബ്രറികൾ പണിതു നൽകി അദ്ദേഹം. അദ്ദേഹം സ്ഥാപിച്ച കാർണെഗി മെല്ലൻ സർവകലാശാല ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠനാവസരങ്ങൾ നൽകി.



ഇവരെപ്പോലെയുള്ളമറ്റൊരാളാണ്ചക്ക്ഫീനി. അമേരിക്കയിലെ സാൻ ഫ്രാൻസിസ്കോയിൽ ഒരു സാധാരണ അപ്പാർട്ട്മെന്റിൽ 92 വയസ്സു വരെ ജീവിച്ച വ്യക്തി. മരിക്കുന്നതു വരെ അദ്ദേഹം ആ വീടിന് സൗകര്യക്കുറവ് ഉണ്ടെന്ന് കരുതിയിട്ടില്ല. വിലക്കൂടിയ വസ്ത്രങ്ങൾ വാങ്ങി ധരിച്ചില്ല. ലക്ഷങ്ങളിൽ വിൽക്കുന്ന ബ്രാൻഡഡ് വാച്ചുകൾ വാങ്ങി കെട്ടിയില്ല. താൻ അണിയുന്ന കണ്ണട ഫ്രെയിം പോലും ഉടഞ്ഞു പോകും വരെ മാറ്റാറില്ല. സ്വന്തം കാർ ഉണ്ടായിരുന്നില്ല. ഭൂരിഭാഗവും ഓഫീസ് കാർ ഉപയോഗപ്പെടുത്തും, അല്ലെങ്കിൽ ബസിൽ യാത്ര ചെയ്യും. അദ്ദേഹം ഓഫീസിലേക്ക് കൊണ്ടു പോകുന്ന ബാഗ് പോലും അവിടവിടെ നിറം പോയി വെളുത്തിരിക്കും. 'മറ്റുള്ളവർ കണ്ടാൽ എന്ത് കരുതും' എന്നൊന്നും അദ്ദേഹം നിരാശപ്പെടാറില്ല.

ഈ മനുഷ്യൻ തന്റെ ജീവിതകാലം മുഴുവനും ഏകദേശം 60 ആയിരം കോടി രൂപയുടെ ദാനധർമ്മങ്ങൾ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞാൽ, വിശ്വസിക്കാൻ പ്രയാസമായിരിക്കും. റീട്ടെയിൽ വ്യാപാരത്തിലൂടെ അദ്ദേഹം നിരവധി കോടികൾ ഭ്രാന്തമായി സമ്പാദിച്ചു. പക്ഷേ, ഒന്നും തനിക്കായി മാറ്റിവച്ചില്ല. എല്ലാം ധർമ്മ കാര്യങ്ങൾക്ക് എഴുതിവച്ചു. കാരണം ചോദിച്ചപ്പോൾ, 'മനുഷ്യർ ഉടുവസ്ത്രമില്ലാതെയാണ് ജനിക്കുന്നത്, ഒറ്റയ്ക്കാണ് ഈ ലോകത്തിൽ നിന്ന് യാത്രയാകുന്നതും' എന്ന് പറഞ്ഞു അദ്ദേഹം.

അമേരിക്കയിലെ കാലിഫോർണിയ സർവകലാശാല, കോർണെൽ സർവകലാശാല, സ്റ്റാൻഫോർഡ് സർവകലാശാല എന്നിങ്ങനെ പല വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. അയർലൻഡിൽ ഏഴ് സർവകലാശാലകൾ പുതിയതായി പണിതു നൽകി. പിന്നെയും ധാരാളം രാജ്യങ്ങൾക്ക് സഹായം നൽകി. പക്ഷേ, ഒരിടത്തും തന്റെ പേര് പരസ്യപ്പെടുത്താതെ നിശ്ശബ്ദമായി സഹായം ചെയ്തു ഈ മനുഷ്യ സ്നേഹി.

# വിശപ്പിൽ കരുതലാകുന്ന ദാനം

തന്റെ ഭർത്താവിനെ ഒരു ശസ്ത്രക്രിയക്കായി വീടിനടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ് ജയ. ഏതാണ്ട് ഒരാഴ്ച ആശുപത്രിയിൽ കഴിയേണ്ടതുണ്ട്. ഭർത്താവിന് ഡയറ്റ് ആയതിനാൽ ആശുപത്രിയിൽ നിന്നു തന്നെ ഭക്ഷണം നൽകും. ജയയുടെ വീട്ടിൽ പാചകം ചെയ്യാനായി ഒരു സ്ത്രീ വരും. അവർ പാചകം ചെയ്ത് ജയക്കു കൊണ്ട് നൽകും.

ആ ഒരാഴ്ച ആശുപത്രിയിൽ ആയിരുന്നപ്പോൾ ജയ ഒരു കാര്യം ശ്രദ്ധിച്ചു. രോഗികൾ എല്ലാവർക്കും ആശുപത്രിയിൽ ഭക്ഷണം നൽകുന്നുണ്ട്. അത് ചെറിയ ആശുപത്രി ആയതിനാൽ, കാന്റീൻ സൗകര്യം വലിയ തോതിൽ ഇല്ല. അതിനാൽ, രോഗിയോടൊപ്പം തങ്ങുന്നവർക്ക് ഭക്ഷണം ബുദ്ധിമുട്ടാണ്. രോഗികൾക്ക് നൽകുന്ന അതേ ഡയറ്റ് ഭക്ഷണം കാന്റീനിൽ നിന്ന് വാങ്ങിക്കഴിക്കാം. അല്ലെങ്കിൽ ഫോൺ എടുത്ത് ഓർഡർ ചെയ്താൽ ഭക്ഷണം എത്തും. ഏറെപ്പേരും അങ്ങനെ ചെയ്യാറില്ല. 'രോഗി കഷ്ടപ്പെടുമ്പോൾ നമ്മൾ മാത്രം രുചികരമായി കഴിക്കണോ?' എന്ന കുറ്റബോധം തടുക്കുന്നതു പോലെ. വൈകുന്നേരം കാന്റീൻ അടയ്ക്കും എന്നതിനാൽ രാത്രി പലരും ഭക്ഷണം കഴിക്കാതെ വിശപ്പോടെ ഉറങ്ങാൻ പോകും.

'രോഗി അനുഭവിക്കുന്ന വേദന, കൂടെ ഇരിക്കുന്ന ബന്ധുക്കളുമായി പങ്കുവയ്ക്കാൻ കഴിയില്ല. എന്നു കരുതി സ്വയം ഇങ്ങനെ ബുദ്ധിമുട്ടേണ്ടതുണ്ടോ?' എന്ന് ജയ ദുഃഖിച്ചു. 'നമ്മുടെ വീട് അടുത്തായതിനാൽ വീട്ടിൽ നിന്ന് ഭക്ഷണം എത്തും. ഏറെ അകലെ നിന്ന് എത്തിയിരിക്കുന്ന ഇവരൊക്കെ എന്തു ചെയ്യും?' എന്ന് വിഷമിച്ചു.

ജയ സർക്കാർ ഉദ്യോഗസ്ഥയായി വിരമിച്ച വ്യക്തിയാണ്. അവരുടെ ഭർത്താവും സർക്കാർ ഉദ്യോഗസ്ഥനായിരുന്നു. ഇരുവർക്കും പെൻഷൻ വേണ്ടത്ര ഉണ്ട്. അതിനാൽ ചെലവുകളെക്കുറിച്ചുള്ള വേവലാതി ഇല്ല. മക്കൾ രണ്ടും വിദേശത്തും. മക്കളോ പേരക്കുട്ടികളോ അരികിൽ ഇല്ലാതെയും ഇരിക്കുന്നതിനാൽ സമയം കടത്തുന്നതേ ബുദ്ധിമുട്ടായിരുന്നു.

തങ്ങളുടെ വിരമിക്കൽ കാലം അർത്ഥവത്താക്കി മാറ്റാൻ ജയയും ഭർത്താവും തീരുമാനിച്ചിരുന്നു. പാചകത്തിനെത്തുന്ന സ്ത്രീയുടെ സഹായത്തോടെ ദിവസവും തങ്ങൾക്ക് ചെയ്യുന്ന രാത്രി ഭക്ഷണം അൽപം കൂടുതലായി തയാറാക്കി. ഇഡ്ഡലി, ദോശ, ചപ്പാത്തി എന്നിങ്ങനെ ഓരോ ദിവസവും തങ്ങൾക്ക് എന്താണോ പാചകം ചെയ്യുന്നത്, അത് അൽപം കൂടുതൽ തയാറാക്കും. രാത്രി ഏഴു മണിക്ക് അത് പാഴ്സൽ ആക്കി ആശുപത്രിയിൽ എത്തും. ആശുപത്രിയിൽ സന്ദർശക സമയം അവസാനിച്ച് എല്ലാവരും അപ്പോൾ പുറത്തെത്തിയിട്ടുണ്ടായിരിക്കും.

രോഗികൾ കിടക്കുന്ന ഭാഗത്ത് ചെന്ന് ഓരോ മുറിയുടെയും വാതിലിൽ തട്ടി, രോഗിയുടെ ബന്ധുവിന് ഭക്ഷണം ഉണ്ടോ എന്ന് തിരക്കും. ഇല്ലെങ്കിൽ ഒരു പാഴ്സൽ നൽകും. ചിലർ ഭക്ഷണം ഇല്ലെങ്കിലും, 'ഉണ്ട്' എന്ന് പറയും. ചിലർ നാണക്കേടു കൊണ്ട് വാങ്ങാൻ മടിക്കും. അവരുടെ ആത്മാഭിമാനത്തിന് ക്ഷതം ഏൽക്കാത്ത വിധം





അന്തസ്സോടെ തങ്ങളെ പരിചയപ്പെടുത്തി, തങ്ങൾ എന്തിന് ഇത് ചെയ്യുന്നതും എന്നതും ചുരുക്കി പറഞ്ഞ് പാഴ്സൽ നൽകും ജയ.

ഒരു ഘട്ടത്തിൽ ആശുപത്രി ജീവനക്കാർ തന്നെ ഇതിന് സഹായവുമായി മുന്നിട്ടിറങ്ങി. വാർഡുകളുടെ ചുമതലയുള്ള നഴ്സുമാർ തന്നെ ഓരോ ദിവസവും എത്ര പേർക്ക് ഭക്ഷണം ആവശ്യമുണ്ടെന്ന് മുൻകൂട്ടി പറയുന്ന രീതിയിൽ കാര്യങ്ങൾ മാറി. ഒരു മാസം കഴിഞ്ഞതേ ഉള്ളൂ, ജയയുടെ വീടിന്റെ അടുത്ത തെരുവിൽ ഉള്ള ഒരു സ്ത്രീയും ആ ആശുപത്രിയിൽ ചികിത്സയ്ക്കായി എത്തി. അവർ ഈ സേവനം കണ്ട്, 'ആഴ്ച മുഴുവനും നിങ്ങൾ മാത്രം ഭക്ഷണം നൽകിയാൽ എങ്ങനെ? ഞാൻ രണ്ടു ദിവസം ചെയ്തു നൽകാം' എന്ന് ജയയോട് പറഞ്ഞപ്പോൾ തന്റെ സേവനം പൂർണതയിലെത്തി എന്ന് വിശ്വസിച്ചു ജയ.

ആ വർഷാവസാനം അവധിക്ക് നാട്ടിലെത്തിയ ജയയുടെ കുട്ടികൾ തങ്ങളുടെ വീട് കണ്ട് സ്തംഭിച്ചു പോയി. ആശുപത്രിയിൽ കിടന്ന് ഓപ്പറേഷൻ ചെയ്ത ശേഷം ഡോക്ടറെ വീണ്ടും കാണാനായെത്തുന്ന രോഗികൾ പലരും, തങ്ങളുടെ സ്വന്തം നാട്ടിൽ നിന്ന് കൊണ്ടു വന്ന സ്നേഹ സമ്മാനമായി നൽകിയ ചക്ക, നിലക്കടല, പരിപ്പ്, പഴവർഗങ്ങൾ, പച്ചക്കറികൾ എന്നിവ കൊണ്ടെല്ലാം ആ വീട് നിറഞ്ഞിരുന്നു.

കനിവോടെ മറ്റുള്ളവർക്ക് ചെയ്യുന്ന എന്തും നമുക്കുള്ളിലും മധുരതരമായ മാറ്റങ്ങൾ ഉണ്ടാക്കും:

- ഹൃദയത്തിൽ കനിവുള്ള പലരും മറ്റുള്ളവർക്ക് സഹായം ചെയ്യാൻ വ്യത്യസ്തമായ രീതിയിൽ ചിന്തിക്കും. അങ്ങനെ അവരുടെ ഭാവനാ ശേഷിയും ചിന്താ ശേഷിയും വളരും. പുതിയ കാര്യങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ വളരാൻ കഴിയും.

- എന്തും തങ്ങളുടെ വീക്ഷണകോണിൽ മാത്രം കാണാതെ, മറ്റുള്ളവർ എന്ത് കരുതും എന്ന് ചിന്തിക്കാനുള്ള ശേഷി ഇവർക്ക് ഉണ്ടായിരിക്കും. അതു കൊണ്ടു തന്നെ എന്തിനെയും പൂർണതയോടെ സമീപിക്കാൻ കഴിയും. വ്യത്യസ്തമായ ചിന്തകളും അംഗീകരിക്കാൻ കഴിയും. .

- കരുണയുടെ ഉറവയുള്ള മനസ്സിൽ ഉൽക്കണ്ഠ, അക്ഷമ, ദേഷ്യം എന്നിങ്ങനെയുള്ള നെഗറ്റീവ് വികാരങ്ങൾ ഉണ്ടാകില്ല. അവരെ മാനസിക സമ്മർദ്ദവും ബാധിക്കില്ല. മറ്റുള്ളവരുടെ പ്രശ്നങ്ങളെ കുറിച്ച് കരുതലോടെ ചിന്തിക്കും എന്നതിനാൽ, തങ്ങളുടെ പ്രശ്നങ്ങൾ വലുതായി കാണില്ല. അങ്ങനെ പ്രശ്നം ഉണ്ടായാലും അതിൽ നിന്ന് എളുപ്പത്തിൽ പുറത്തു കടക്കും.

- മറ്റുള്ളവർക്ക് സഹായം ചെയ്യുന്ന ഗുണം ഉള്ളവർ, ആരുടെയും കണ്ണുകളിൽ നോക്കി സംസാരിക്കും. മറ്റുള്ളവർ പറയുന്നതിനു മുമ്പു തന്നെ, അവരുടെ വികാരങ്ങൾ മനസ്സിലാക്കും. അതിനാൽ, ആരോടും നന്നായി ഇടപഴകാനുള്ള കഴിവ് ഇവർക്ക് ഉണ്ടായിരിക്കും. അപരിചിതരുടെ മനസ്സു പോലും ഇവർ എളുപ്പത്തിൽ കവരും. ഈ കഴിവ് അവർക്ക് ജോലി, തൊഴിൽ, ബിസിനസ് എന്നിവയിൽ വലിയ സഹായം ചെയ്യും.

- മറ്റുള്ളവരോട് കനിവ് കാണിക്കുന്ന മനുഷ്യർ പലരും തങ്ങളുടെ ശാരീരികസൗഖ്യത്തിലും കരുതൽ കാണിക്കും. മറ്റുള്ളവരെ നന്നായി നോക്കുന്നതു പോലെ തങ്ങളെയും നന്നായി പരിപാലിക്കും. ആരോഗ്യകരമായി ഭക്ഷിച്ച്, നന്നായി ഉറങ്ങി, കഠിനാധ്വാനം ചെയ്ത് അവർ മേന്മയോടെതങ്ങളുടെശരീരംകാത്തുസൂക്ഷിക്കും.

- കനിവാർന്ന മനുഷ്യർ 'ഈ ലോകം മധുരതരമായ മനുഷ്യരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു' എന്ന ചിന്ത എല്ലാവരിലും പടർത്തും. അപരിചിതർക്കു പോലും ജീവിക്കാനുള്ള ആത്മവിശ്വാസം നൽകും. ●



# കരുണയോടെ നൽകണം

യഥാർത്ഥ കരുതലോടെയും സ്നേഹത്തോടെയും നമുക്കോ മറ്റുള്ളവർക്കോ എന്തെങ്കിലും ഒന്ന് നൽകുന്നതാണ് ദാനം. അത് ഒരു വസ്തുവോ പണമോ വഴികാട്ടലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും സഹായമോ ആകാം.

ദാനത്തിന്റെ മികവ് എന്നത് അത് മറ്റുള്ളവരുടെ ക്ഷേമത്തിന് മുൻതൂക്കം നൽകുന്നു എന്നതാണ്. ബസിൽ യാത്ര ചെയ്യുമ്പോൾ, പ്രായമേറിയവർക്കോ ഗർഭിണിക്കോ എഴുന്നേറ്റ് സീറ്റ് നൽകുന്നുണ്ടെങ്കിൽ, നിന്നു കൊണ്ട് യാത്ര ചെയ്യുന്ന ബുദ്ധിമുട്ട് സഹിച്ച് സഹായം ചെയ്യാൻ മുന്നിട്ടിറങ്ങുകയാണ്. ഇത്തരത്തിൽ ദിവസവും ജീവിതത്തിൽ മറ്റുള്ളവർക്ക് ദാനം ചെയ്യുന്ന സന്ദർഭങ്ങൾ ധാരാളം ഉണ്ടാകാം.

പണമോ സമയമോ അധ്വാനമോ മറ്റൊരാൾക്ക് പങ്കുവയ്ക്കാൻ തയാറായിരിക്കുന്ന ഒരാളുടെ മനസ്സിൽ ഉണ്ടാകുന്ന വികാരമാണ് ദാനം. മറ്റുള്ളവർക്ക് ഇത്തരത്തിൽ സഹായം ചെയ്യുമ്പോൾ ആ മനസ്സിൽ ഉന്നതമായ വികാരം ഉണ്ടാകും. ധാരാളം പുതിയ സുഹൃത്തുക്കൾ ലഭിക്കും. ഏകാന്തതയിൽ വിഷമിക്കുന്നവർ ഇത്തരത്തിലുള്ള സേവനങ്ങൾ ചെയ്യുമ്പോൾ മറ്റുള്ളവരുമായികൂടുതൽ അടുക്കും. ജീവിതത്തിന് ഒരർത്ഥം ലഭിക്കുന്നത് ബോധ്യപ്പെടും.

മറ്റൊരാൾക്ക് മനസ്സറിഞ്ഞ് നൽകുന്ന നിമിഷങ്ങളിൽ, എല്ലാത്തിനെയും മറ്റൊരു വീക്ഷണകോണിൽ കാണാനുള്ള കാഴ്ചപ്പാട് ലഭിക്കും. അഞ്ച് വർഷം പഴക്കമുള്ള തന്റെ കാർ മാറ്റി പുതിയ മോഡൽ കാർ വാങ്ങാൻ കഴിയുന്നില്ലല്ലോ എന്ന് ദുഃഖിക്കുന്നു ഒരു ധനികൻ. അദ്ദേഹത്തിന്റെ വീടിനരികിൽ ഉന്തു വണ്ടിയിൽ തുണികൾ ഇസ്തിരിയിടുന്ന ഒരു തൊഴിലാളി ആവശ്യപ്പെട്ടപ്പോൾ ഒരു പഴയ സൈക്കിൾ വാങ്ങിക്കൊടുത്തു ആ ധനികൻ. ആ സൈക്കിൾ എത്തരത്തിൽ സഹായകമായെന്ന് പറഞ്ഞത് കേട്ടപ്പോൾ തന്റെ കാറിന്റെ വിലയേക്കാൾ അതിന്റെ മതിപ്പ് ഉയർന്നതാണെന്ന് ധനികന് തോന്നി.

ജീവിതത്തിൽ എന്തെങ്കിലും വലുതായൊന്ന് നേടുമ്പോൾ വലിയ മനസംതൃപ്തി ലഭിക്കും. അത്തരത്തിലുള്ള സംതൃപതിയും സന്തോഷവും ആർക്കെങ്കിലും ദാനം ചെയ്യുമ്പോഴും ലഭിക്കും.

വീട്ടു ജോലികളിൽ കുടുംബത്തിനെ സഹായിക്കുകയും ബന്ധുക്കൾക്കും അയൽപക്കക്കാർക്കും അവർ പ്രതീക്ഷിക്കുന്ന സമയങ്ങളിൽ കൂടെ നിന്ന് കൈ കൊടുക്കുകയും ജോലി സ്ഥലത്ത് സഹപ്രവർത്തകരുമായി സഹകരിച്ച് പ്രവർത്തിക്കുകയും അപരിചിതരായ മനുഷ്യരോടും സ്നേഹപൂർവം പെരുമാറുകയും ചെയ്യുന്നവരെല്ലാം ഈ ലോകത്തെ മാതൃകാ മനുഷ്യന്മാരാണ്. മറ്റുള്ളവരുടെ ജീവിതത്തിൽ അവർ മഹത്തായ മാറ്റങ്ങൾ ഉണ്ടാക്കും.

സഹായങ്ങൾ ചെയ്യുന്നതിൽ പ്രധാനമായത്, നിങ്ങളുടെകഴിവിനുംഅപ്പുറമുള്ളഒന്നുംവാഗ്ദാനം ചെയ്യുകയോ സഹായമായി ചെയ്യുകയോ അരുത് എന്നതാണ്. അത് നിങ്ങളെ പ്രതിസന്ധിയിലേക്ക് തള്ളി സമാധാനം നഷ്ടപ്പെടുത്തും. അതിനാൽ, 'ഇല്ലാത്തവർക്ക് കഴിയുന്നത് ചെയ്യാം.' എന്ന മന്ത്രം എപ്പോഴും മനസ്സിൽ വച്ച് ദാനം ചെയ്യണം.



Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

RAMRAJ

# VESTS

## BRIEFS • TRUNKS

*Inners for Winners!*



Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-09-2026.Posted at Tirupur BPC on 5th of every month.

